നിയമ സംസ്കാര കേന്ദ്രത്തിന്റെ
ജനനീതി
ആഗസ്റ്റ് 2006
3.00 ക.

# ധനാധിപത്യം ഇങ്ങനെയും



**അപ്പുറത്ത് വേണ്ടതിലേറെ തരിശുഭൂമി കിടക്കുമ്പോൾ കർഷകരുടെ 2500 ഏക്കർ വിളഭൂമി ഒരു സ്വകാര്യ സ്ഥാപനമായ റിലയൻസ് ഇൻഡസ്ട്രീസിനുവേണ്ടി അക്വയർ ചെയ്യുകയും കർഷകർക്ക് ന്യായമായ വില നൽകാതിരിക്കുകയും ചെയ്യുന്നതിൽ പ്രതിഷേധിച്ച് യു. പി. യിലെ ഘാസിയാബാദിൽ നടക്കുന്ന പ്രക്ഷോഭണത്തിനു നേതൃത്വം നൽകുന്ന മുൻപ്രധാനമന്ത്രി വി. പി. സിങ്ങിനെ ജൂലായ് 8ന് പോലീസ് അറസ്റ്റ് ചെയ്യുന്നു.**

112

# ഒരു മെഡിക്കൽ കോളേജ് വരുത്തിയ മാരണം

**മീ**റത്തിൽ ഒരു ഗവർമ്മേണ്ട് മെഡിക്കൽ കോളേജ്. 1968ൽ ആരംഭിച്ചതാണിത്. കോളേജിനടുത്ത് ജയ്ഭീമ നഗർ എന്ന പേരിലൊരു ചേരിപ്രദേശവുമുണ്ട്. മെഡി.ിക്കൽ കോളേജിൽനിന്നുള്ള മാലിന്യങ്ങൾ മൂലം ഈ കോളനി ഒരു നരകമായിരിക്കുന്നതായി ജന ഹിത ഫൗണ്ടേഷൻ എന്ന സന്നദ്ധ സംഘടന നടത്തിയ പഠനത്തിൽ തെളിഞ്ഞു. ആസ്തമ, ക്യാൻസർ, വയറിളക്കം എന്നിവമൂലം കഴിഞ്ഞ അഞ്ചുകൊല്ലത്തിനിടയിൽ 124 പേർ ഇവിടെ മരിച്ചിട്ടുണ്ട്.

മെഡിക്കൽ കോളേജിന്നടുത്ത് വലിയൊരു കുളമുണ്ട്. കോളേജ് ആരംഭിച്ച കാലത്ത് നിർമ്മിച്ച കുളമാണിത്. കോളേജിൽനിന്നുള്ള മലിനജലം മുഴുവനും ഈ കുളത്തിലാണ് സംഭരിക്കപ്പെടുന്നത്. ജനഹിത പഠനസംഘം നടത്തിയ പരിശോധനയിൽ ഈ കുളത്തിലെ വെള്ളത്തിൽ അനുവദനീയമായതിന്റെ 12 ഇരട്ടി മെർക്കുറി കാണപ്പെട്ടു. ഈയം, ക്രോമിയം എന്നിവ അഞ്ചിരട്ടിയുള്ളതായും കണ്ടു.

ഈ കുളത്തിലെ വെള്ളം ഭുഗർഭജലത്തിൽ കലരുന്നതിനാൽ സമീപ പ്രദേശങ്ങളിലെല്ലാം കുടിനീർ മലിനമായിട്ടുണ്ട്. സമീപപ്രദേശങ്ങളിലെ 462 ഹാൻഡ് പമ്പുകൾ ജനങ്ങൾ ഉപേക്ഷിച്ചിരിക്കുകയാണ്. ഹാൻഡ് പമ്പുകളിൽനിന്നുള്ള വെള്ളത്തിൽ കാഡ്മിയം, രസം, ഈയം, ഇരുമ്പ് എന്നിവ വളരെ ഉയർന്ന നിരക്കിൽ കാണപ്പെടുന്നു. വെള്ളത്തിന്ന് നിറംമാറ്റവും ദുർഗന്ധവുമുണ്ട്. അതിനാൽ ജനങ്ങൾക്ക് അവ ഉപേക്ഷിക്കേണ്ടിവന്നു. ചുരുങ്ങിയത് തൊണ്ണൂറു കുടുംബങ്ങളെങ്കിലും ഇതിന്നകം നാടുവിട്ടുകഴിഞ്ഞു. ജനങ്ങൾ ശുദ്ധജലം കിട്ടുന്ന പ്രദേശങ്ങളിലേക്ക് കുടിയേറിപ്പാർത്തുകൊണ്ടിരിക്കുകയാണിപ്പോൾ.

മെഡിക്കൽ കോളേജിന്റെ കുളത്തിലെ വെള്ളംപോലെത്തന്നെ മലിനമാണ് അപ്പുറത്തുകൂടി ഒഴുകുന്ന കാളീനദിയിലെ വെള്ളവും. പക്ഷെ അതിന്നുകാരണം മെഡിക്കൽ കോളേജല്ല, മീറത്തിലെ വ്യവസായ ശാലകളാണ്. മീറത്ത് നഗരത്തിലെ മാലിന്യങ്ങൾ തട്ടുന്നതും ഈ നദിയിൽതന്നെയാണ്. മെഡിക്കൽ കോളേജിന്നും കാളീനദിക്കുമിടയിൽ കിടക്കുന്ന പ്രദേശങ്ങളിൽ തന്മൂലം കുടിനീർ ദുർലഭമായിരിക്കുന്നു.

ജനഹിത ഫൗണ്ടേഷൻ കാളീനദിയിലെ മാലിന്യത്തെപ്പറ്റി 2003ൽ മലിനീകരണ നിയന്ത്രണ ബോർഡിന് പരാതി സമർപ്പിച്ചിരുന്നു. മലിനീകരണ നിവാരണത്തിന്ന് 88 കോടി രൂപ ചെലവുവരുമെന്നും ഗവർമ്മേണ്ടിന്റെ കയ്യിൽ അതിന്നു കാശില്ലെന്നുമായിരുന്നു ബോർഡിന്റെ മറുപടി!

കേന്ദ്രഗവർമ്മേണ്ടിന്റെ മലിനീകരണ നിയന്ത്രണ ബോർഡ് 1999ൽ തന്നെ കാളീനദിയിലെ മാലിന്യത്തെപ്പറ്റി പഠിച്ചിരുന്നു. നദിയിലെ ജലത്തിൽ അനുവദനീയമായതിന്റെ 140 ഇരട്ടി ക്രോമിയവും 333 ഇരട്ടി കാഡ്മിയവും ഉണ്ടെന്ന് അന്നു കാണുകയുണ്ടായി. ജനങ്ങൾക്ക് കുടിനീർ നൽകാൻ ബദൽസംവിധാനമുണ്ടാക്കണമെന്ന് അവർ ശുപാർശ ചെയ്തെങ്കിലും ഇതുവരെ ഒന്നും ചെയ്തിട്ടില്ല.

കാളീനദീതീരത്തുള്ള വ്യവസായ ശാലകൾ ജലശുദ്ധീകരണ സംവിധാനമുണ്ടാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജനഹിത ഫൗണ്ടേഷൻ സുപ്രീം കോടതിയെ സമീപിച്ചിരിക്കുകയാണിപ്പോൾ. ❑

ജനനീതി

ആഗസ്റ്റ് 2006
112

പത്രാധിപർ:

**ടി.വി. അച്ചുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എസ്. മനോജ്കുമാർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**

Tel :-487 2373479, 2373281
Fax:-487- 2373281

എഡിറ്റോറിയൽ

# ആദർശനിഷ്ഠ ക്ഷയിക്കുമ്പോൾ ധനാധിപത്യം വരും

ഇന്ത്യയിലിപ്പോൾ ജനാധിപത്യമല്ല, ധനാധിപത്യമാണുള്ളതെന്ന് അരുന്ധതി റോയ് പറയുന്നു. ഇത് പെട്ടെന്നുണ്ടായ ഒരു സംഭവവികാസമല്ല. നാല്പതുകൊല്ലം മുമ്പ് ഇന്ദിരാഗാന്ധി അധികാരത്തിൽ വരികയും അധികാരദേവതയെ പൂജിക്കാൻ തുടങ്ങുകയും ചെയ്തപ്പോൾ ആരംഭിച്ച പ്രവണത ഇപ്പോൾ പൂർത്തിയായെന്നേയുള്ളൂ.

ആദർശനിഷ്ഠയ്ക്ക് ലോപം സംഭവിക്കുന്നിടത്ത് 'മാമൺ' കയറിപ്പററുമെന്നത് അതിപുരാതനമായൊരു തത്വമാണ്. അധികാരം കൊണ്ട് ധനവും ധനംകൊണ്ട് അധികാരവും നേടാമെന്ന് ഇന്ദിരാഗാന്ധി തന്റെ അനുയായികളെ പഠിപ്പിച്ചു. ഇതിന്നെതിരായി ആദർശനിഷ്ഠയുള്ളവർ നടത്തിയ സമരമായിരുന്നു 1971–77 കാലത്ത് ഇന്ത്യയിൽ നടന്ന മഹാപ്രക്ഷോഭം. അഴിമതിക്കെതിരെ തെരുവിലിറങ്ങി പ്രകടനം നടത്താനും പോലീസിന്റെ മർദ്ദന മേൽക്കാനും ജയപ്രകാശിനെപോലുള്ളവർ തയ്യാറായത് ആദർശനിഷ്ഠകൊണ്ടായിരുന്നു.

പക്ഷേ അതൊന്നും അധികം നീണ്ടുനിന്നില്ല. അധികാരത്തിന്റെ പിന്നാലെയുള്ള ഭ്രാന്തുപിടിച്ച ഓട്ടമാണ് ഇന്ന് സർവ്വത്ര കാണുന്നത്. ഒരാദർശത്തിനുവേണ്ടി നിസ്സാരമായൊരു ത്യാഗം സഹിക്കാൻ പോലും ആരും തയ്യാറല്ല. 'യഥാ രാജ, തഥാ പ്രജ' എന്നാണല്ലോ പ്രമാണം. എം.പി. മാരെ വിലക്കുവാങ്ങി അവിശ്വാസപ്രമേയത്തെ തോൽപിച്ച് അധികാരം നിലനിർത്തിയ ഒരു പ്രധാനമന്ത്രി നമുക്കുണ്ടായിരുന്നു. അപ്പോൾ പിന്നെ 'പ്രജ'കൾ ആദർശനിഷ്ഠ കാണിക്കുമെന്ന് ഒരാൾക്കെങ്ങനെ പ്രതീക്ഷിക്കാനാകും.?

പണത്തിന്നുമീതെ പരുന്തും പറക്കില്ലെന്ന ചൊല്ല് നൂറുശതമാനവും ശരിയാണെന്ന് ജനങ്ങൾ അനുഭവിച്ചറിഞ്ഞുകൊണ്ടിരിക്കുന്നു. കോടതി വിളിച്ചുവരുത്തുന്ന സാക്ഷിയെപോലും വഴിക്കുവച്ച് റാഞ്ചിയെടുത്ത് കള്ളസാക്ഷി പറയിക്കുകയും എന്നിട്ടും പോറൽപോലും ഏൽക്കാതെ ജയിച്ചുപോരുകയും ചെയ്യുന്നവരുടെ നാടാണിത്.

ഒരുകാര്യം ഓർത്തിരിക്കുക. ആദർശനിഷ്ഠയുടെ ആവശ്യം പ്രധാനമന്ത്രിക്കോ മന്ത്രിമാർക്കോ ജന്മിമാർക്കോ വ്യവസായികൾക്കോ അല്ല. അവരെല്ലാം എങ്ങനെയെങ്കിലും നിന്നുപിഴക്കും. വാസ്തവത്തിൽ ആദർശനിഷ്ഠയുടെ അഭാവത്തിലാണ് അവർ തഴച്ചുവളരുക. മറ്റൊരു തരത്തിൽ പറഞ്ഞാൽ, ജനങ്ങൾക്കിടയിൽ ആദർശനിഷ്ഠയില്ലാതിരിക്കേണ്ടത് പണക്കാരുടേയും പ്രമാണിമാരുടേയും ആവശ്യമാണ്. മാമണെ, ധനദുർദ്ദേവതയെ, പൂവിട്ട് പൂജിക്കുന്നവരാണ് ആദർശത്തെ ഭയപ്പെടുന്നത്. കുരിശിനെ പേടി ചെകുത്താൻമാർക്കാണല്ലോ.

ആദർശത്തിന്റെ ആവശ്യം പാവങ്ങൾക്കാണ്. സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമെന്നല്ല എല്ലാതരം നീതികളുടേയും ആധാരം ആദർശമാണ്. പണക്കാർ ആദർശനിഷ്ഠ പാലിച്ച് പാവങ്ങളെ കരകയറ്റുമെന്നു കരുതുന്നത് വ്യാമോഹമാണ്. ഒരിക്കലും സംഭവിക്കാൻ പോകുന്ന കാര്യമല്ല അത്. ഗാന്ധിജിക്കുപോലും പണക്കാരിൽ അരകഴഞ്ചിന്റെ ആദർശനിഷ്ഠയുളവാക്കുവാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ടാണദ്ദേഹം പട്ടിണിപാവങ്ങളോട് ആദർശനിഷ്ഠ പാലിക്കാൻ പറഞ്ഞത്. ആദർശനിഷ്ഠയുള്ള ജനത്തിന്നേ വിപ്ലവം കൈവരുത്താൻ കഴിയൂ. കാരണം എല്ലാ വിപ്ലവങ്ങളുടേയും ബീജം ആദർശമാണ്. രാഷ്ട്രീയമെന്നല്ല, സാമൂഹ്യമായും സാംസ്കാരികമായും വിപ്ലവം സംഭവിക്കണമെങ്കിലും ആദർശനിഷ്ഠകൂടിയേ തീരൂ.

ഉപഭോഗസംസ്കാരത്തിന്റെ വേലിയേറ്റത്തിൽപെട്ട ജനങ്ങൾ ഇതെല്ലാം മറക്കുന്നുവെന്നതാണ് കഷ്ടം. ഒരല്പം ത്യാഗം സഹിക്കാൻപോലും ഇന്നാരും തയ്യാറല്ല. എന്നിട്ട് നാം തന്നെ പരാതിപെടുന്നു ഇവിടെ ജനാധിപത്യമല്ല, ധനാധിപത്യമാണുള്ളതെന്ന്! സ്വന്തം ജീവിതത്തിൽ ധനാധിപത്യത്തിന്നെതിരെ ചെറുതായൊരു ചെറുത്തുനില്പിന്നുപോലും ശേഷിയില്ലാത്തവർ, സമൂഹത്തിലെ, രാജ്യത്തിലെ, ധനാധിപത്യത്തിന്നെതിരെ, പ്രതിഷേധിച്ചിട്ടെന്തു കാര്യം?

ഒന്നു പിൻതിരിഞ്ഞുനോക്കൂ: ഗാന്ധിജി എല്ലാം ത്യജിച്ചിട്ടാണ് സ്വാതന്ത്ര്യസമരത്തിന്റെ മുന്നണിയിൽവന്നത്; അദ്ദേഹത്തെ അനുഗമിച്ചവരെല്ലാം മഹാത്യാഗികളായിരുന്നു. നേതാക്കൻമാരെന്നല്ല, പട്ടിണിപാവങ്ങൾപോലും അന്ന് ആദർശനിഷ്ഠയുടെ പ്രതിരൂപങ്ങളായി മാറി. ഇവരുടെയെല്ലാം പിൻഗാമികളായ നമ്മളോ?

അഴിമതിക്കും അന്യായത്തിന്നും അതീതിക്കുമെതിരെ ഒരാൾക്ക് ഒറ്റക്കൊന്നും ചെയ്യാനാവില്ല. അതിന്ന് വാർഡ്തലം മുതൽ കൂട്ടായ്മകൾ പടുത്തുയർത്തുകയേ മാർഗ്ഗമുള്ളൂ. എല്ലാ ബഹുജന പ്രസ്ഥാനങ്ങളും രൂപം കൊള്ളുന്നത് അങ്ങനെയാണ്. ഗ്രാമതലത്തിൽ അനീതികൾക്കറുതിവരുത്താൻ കഴിഞ്ഞാൽ അതൊരു കാട്ടുതീപോലെ രാജ്യമാകെ പടർന്നുപിടിച്ചുകൊള്ളും. പക്ഷെ ഇതിനെല്ലാം ആദ്യമായി വേണ്ടത് ഉപഭോഗസംസ്കാരത്തിന്നും പ്രലോഭനങ്ങൾക്കും അടിമപ്പെടാത്ത സംശുദ്ധമായ കൈകളോടുകൂടിയ ഒരുപിടി ആളുകളാണ്. ആർത്തിയുടെ സ്ഥാനത്ത് ആദർശത്തെ പ്രതിഷ്ഠിക്കാനുള്ള നിശ്ചയദാർഢ്യമുണ്ടെങ്കിൽ ഇതൊന്നും വിഷമമുള്ള കാര്യമല്ല. ❑

# മനുഷ്യാവകാശ രംഗത്ത് ഇന്ത്യ മടിച്ചുനിൽക്കുന്നു

**- സി. രാജകുമാർ -**

**ഐ**ക്യരാഷ്ട്ര സമിതിയുടെ മനുഷ്യാവകാശ കമ്മീഷന്നു പകരമുള്ള മനുഷ്യാവകാശ കൗൺസിലിന്റെ ഒന്നാമത്തെ യോഗം ജൂൺ 19 മുതൽ 30 വരെ ജനീവയിൽനടന്നു. മനുഷ്യാവകാശങ്ങൾ നടപ്പാക്കുന്ന കാര്യത്തിൽ ഒരു സമവായത്തിലെത്തുന്നതിന്ന് അന്താരാഷ്ട്ര സമൂഹത്തിന്ന് ഇത് ചരിത്രപരമായ ഒരവസരമാണ് പ്രദാനം ചെയ്തത്. പക്ഷെ പ്രസംഗത്തിന്നപ്പുറം പോകാൻ അധികമാരും തയ്യാറായേക്കില്ലെന്ന വിപത്ത് നിലനിൽക്കുന്നു. മനുഷ്യാവകാശ മാനദണ്ഡങ്ങൾ നിർണ്ണയിക്കുന്നതിൽ ഗണനീയമായ നേട്ടം കൈവരിക്കാനായിട്ടുണ്ടെങ്കിലും, അവ നടപ്പാക്കാനുള്ള ഒരു സംവിധാനമുണ്ടാക്കുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണ്. പ്രശ്നം രാഷ്ട്രീയമാണ്.

രാഷ്ട്രങ്ങളുടെ പരമാധികാരം എന്ന ആശയവും അതിന്റെ സമകാലീന പ്രസക്തിയുമാണ് മനുഷ്യാവകാശ കൗൺസിൽ ആദ്യം കൈകാര്യം ചെയ്യേണ്ടത്. പരമാധികാരത്തെക്കുറിച്ചുണ്ടായിരുന്ന പാശ്ചാത്യ സങ്കൽപം രണ്ടാംലോക മഹായുദ്ധത്തിന്നുശേഷം പാടെ മാറിയിട്ടുണ്ട്. ഐക്യരാഷ്ട്ര സമിതിയുടെ രൂപീകരണവും സാർവ്വലൗകിക മനുഷ്യാവകാശ പ്രഖ്യാപനവും പരമാധികാര ചിന്തക്ക് പുതിയൊരു മാനമുണ്ടാക്കുമെന്ന ആശ വളർത്തിയിരുന്നു. എന്നാൽ ശീതസമര വടംവലികൾ പരമാധികാര സങ്കല്പങ്ങളെ വീണ്ടും ശക്തിപ്പെടുത്തുകയാണ് ചെയ്തത്. മനുഷ്യാവകാശ പ്രവർത്തകർ ഈ പരമാധികാര സങ്കല്പത്തെ നിരന്തരം ചോദ്യം ചെയ്തുവരുന്നു.

ലോകത്തിന്റെ നാനാഭാഗങ്ങളിൽ നടക്കുന്ന ഭീമമായ മനുഷ്യാവകാശ ധ്വംസനങ്ങളാണ് പരമാധികാര സങ്കല്പത്തെ ചോദ്യം ചെയ്യാൻ മനുഷ്യാവകാശ വക്താക്കളെ പ്രേരിപ്പിക്കുന്നത്. പുതിയ മനുഷ്യാവകാശ കൗൺസിലിന്റെ സ്ഥാപനം രാഷ്ട്ര പരമാധികാര സങ്കല്പംവിട്ട് ഒരടി കൂടി മുന്നോട്ടുപോകാൻ അസാധാരണമായ ഒരു അവസരം പ്രദാനം ചെയ്യുന്നു. മനുഷ്യാവകാശ സംസ്ക്കാരം ലോകവ്യാപകമായി സംസ്ഥാപിതമാകുന്നതിന്നും, മനുഷ്യാവകാശം എല്ലാ രാജ്യങ്ങളിലും നിർബ്ബന്ധപൂർവ്വം നടപ്പാക്കുന്നതിന്നും ഇത് അവസരമുണ്ടാക്കും.

പുതിയ മനുഷ്യാവകാശ കൗൺസിലിലേക്ക് ഇന്ത്യ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. 191 അംഗങ്ങളടങ്ങിയ ഐക്യരാഷ്ട്ര ജനറൽ അസംബ്ലിയിലെ 173 പേരുടെ പിന്തുണയോടെയാണ് ഇന്ത്യ കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്. ഏഷ്യൻ ഗ്രൂപ്പിൽ ഏറ്റവുമധികം വോട്ടുകിട്ടിയതും ഇന്ത്യക്കാണ്. എന്നാൽ മനുഷ്യാവകാശ സംരക്ഷണത്തിൽ ആത്മാർത്ഥമായും തൽപരമായൊരു രാജ്യമാണ് തങ്ങളെന്ന് തെളിയിക്കാൻ ഇന്ത്യ കയ്യോടെ ചില നടപടികളെടുക്കാത്തപക്ഷം, ഈ വമ്പിച്ച പിന്തുണക്ക് വലിയ അർത്ഥമൊന്നുമില്ലെന്നുവരും.

ഇന്ത്യ ഉടനടി ചെയ്യേണ്ടത്, ദണ്ഡനമുറകൾക്കെതിരായ ഐ.രാ. കൺവെൻഷനിൽ ഒപ്പിടുകയാണ്.

ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട മനുഷ്യാവകാശ പ്രമാണങ്ങളിലൊന്നാണ് ദണ്ഡനമുറകൾക്കെതിരായ കൺവെൻഷൻ. അതിൽ ഒപ്പിടാതെ ഇന്ത്യക്ക് മനുഷ്യാവകാശ കൗൺസിലിൽ അർത്ഥവത്തായ ഒരു പങ്കും വഹിക്കാനാവില്ല. ഈ ദണ്ഡനവിരുദ്ധ കൺവെൻഷനിൽ ഇന്ത്യ ഒപ്പിടേണ്ടതിന്റെ പ്രാധാന്യം ദേശീയ മനുഷ്യാവകാശ കമ്മീഷൻ പല തവണ ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഇതിന്നായി മനുഷ്യാവകാശ കമ്മീഷന്റെ ചെയർമാൻ സ്ഥാനത്തുവന്നവരെല്ലാം പ്രധാനമന്ത്രിക്ക് എഴുതാറുണ്ട്; ഉന്നതതലത്തിൽ ചർച്ച നടത്താറുമുണ്ട്. പക്ഷെ നിർഭാഗ്യവശാൽ ഇതുവരേയും ദണ്ഡനവിരുദ്ധ കൺവെൻഷനിൽ ഇന്ത്യ ഒപ്പിട്ടിട്ടില്ല. ഇന്ത്യയിലെ കോടതികൾ ദണ്ഡനമുറകൾക്കും മറ്റു മനുഷ്യാവകാശ ലംഘനങ്ങൾക്കും എതിരായ നിലപാടു സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ഇന്ത്യ ഐ.രാ. ദണ്ഡനവിരുദ്ധ കൺവെൻഷനിൽ ഒപ്പിടുന്നത് തീർത്തും സ്വാഭാവികമായിരിക്കും.

മനുഷ്യാവകാശസംബന്ധമായ ഐ.രാ. മേൽനോട്ട സംവിധാനങ്ങളും ഇന്ത്യ ഇനിയും പൂർണ്ണമായും സ്വീകരിച്ചിട്ടില്ല. പുറമെനിന്നുള്ള ഒരു "മേൽനോട്ട"ത്തിന്റെ ആവശ്യം ഇന്ത്യയിലില്ല എന്നതാണ് ഇക്കാര്യത്തിലുള്ള ഇന്ത്യയുടെ നിലപാട്. ഇന്ത്യൻ ഭരണഘടന മനുഷ്യാവകാശത്തിന്ന് ഉറപ്പുനൽകുന്നുണ്ട്; പ്രബലമായൊരു മനുഷ്യാവകാശ സംവിധാനം ഇന്ത്യയിൽ പ്രവർത്തിക്കുന്നുണ്ട്; ഊർജ്ജസ്വലതയുള്ള ഒരു ജനാധിപത്യ സംവിധാനം ഇവിടെയുണ്ട്; സ്വതന്ത്രമായ നീതിപീഠങ്ങളുണ്ട്. പിന്നെ എന്തിനാണ് വിദേശമേൽനോട്ടം എന്നതാണ് ചോദ്യം. അന്താരാഷ്ട്ര മനുഷ്യാവകാശ നിയമത്തിന്റെ ഇന്നത്തെ സ്ഥിതിക്ക് ഈ വാദം സാധുവാകില്ല. മനുഷ്യാവകാശ കൗൺസിലിലെ ഒരംഗമെന്ന നിലക്ക്, മനുഷ്യാവകാശ കാര്യങ്ങളിൽ ഇന്ത്യ നേതൃത്വം നൽകേണ്ടതുണ്ട്. ഇന്ത്യതന്നെ ഐ.രാ. മേൽനോട്ടം തിരസ്കരിക്കുമ്പോൾ, ഐ.രാ. മേൽനോട്ടത്തിന്നനുവദിക്കാൻ ഇന്ത്യക്കെങ്ങനെ മറ്റൊരു രാജ്യത്തോട് ആവശ്യപ്പെടാൻ കഴിയും? ഐക്യരാഷ്ട്രസഭയുടെ ദണ്ഡനവിരുദ്ധ പ്രതിനിധി ഇന്ത്യ സന്ദർശിക്കാൻ അനുമതിയാവശ്യപ്പെട്ടുകൊണ്ടു സമർപ്പിച്ച അപേക്ഷ കൊല്ലങ്ങളായി ഇന്ത്യാ ഗവർമ്മേണ്ടിന്നുമുന്നിൽ കെട്ടിക്കിടപ്പാണ്. ഗവർമ്മേണ്ട് ഈ അപേക്ഷ അനുവദിച്ചിട്ടില്ലെന്നത് അത്യന്തം നിർഭാഗ്യകരമാണ്. ഇന്ത്യ ഈ മനോഭാവം മാറ്റണം. മനുഷ്യാവകാശ കൗൺസിലിൽ ലഭിച്ച അംഗത്വം ഇതിന്നൊരവസരമാകണം. അന്താരാഷ്ട്ര മനുഷ്യാവകാശ സംവിധാനത്തിൻകീഴിൽ പല കമ്മിറ്റികളും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയെ അംഗീകരിക്കാൻ ഇന്ത്യ ഇതുവരെ തയ്യാറായിട്ടില്ല.

മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതും വളർത്തുന്നതും ഭരണകൂടത്തിന്റെ പ്രധാന ധർമ്മമാണ്. മൗലികാവകാശങ്ങൾ പൊതുവെ ഭരണകൂടത്തിന്നെതിരായ, നിഷേധാത്മകമായ ശൈലിയിലാണ് അവതരിപ്പിക്കുക പതിവ്. ജനങ്ങളുടെ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും സംരക്ഷിക്കാൻ സർക്കാർ സംവിധാനം പ്രവർത്തിക്കണം. വാസ്തവത്തിൽ ഭരണകൂടത്തിന്റെ മൂന്നു ശാഖകളും, അതായത് നിയമനിർമ്മാണസഭ, എക്സിക്യൂട്ടീവ്, നീതിന്യായപീഠം എന്നിവ, പ്രവർത്തിക്കുന്നതുതന്നെ ജനങ്ങളുടെ അവകാശ സംരക്ഷണത്തിനാണ്. എന്നാൽ ഇതിൽനിന്നും

മൗലികമായും അടിസ്ഥാനപരമായും വ്യത്യാസപ്പെട്ടതാണ് ദേശീയമനുഷ്യാവകാശ കമ്മീഷൻ.

രാജ്യഭരണത്തിന്നു നിയുക്തമായ നിയമനിർമ്മാണസഭ, എക്സിക്യൂട്ടീവ് എന്നിവയും നീതിന്യായ നിർവ്വഹണത്തിന്ന് നിയുക്തമായ കോടതിയും പോലെയല്ല മനുഷ്യാവകാശ കമ്മീഷന്റെ ജോലി. മനുഷ്യാവകാശ സംരക്ഷണം ഒന്നുമാത്രമാണ് അതിന്റെ ധർമ്മം. മറ്റു ശാഖകളുടെ പ്രവർത്തനം മനുഷ്യാവകാശം സംരക്ഷിക്കാനും വളർത്താനും സഹായകമാകുമെങ്കിൽ, മനുഷ്യാവകാശകമ്മീഷന്റെ പ്രവർത്തനം മനുഷ്യാവകാശ സംരക്ഷണത്തിന്നുമാത്രമാണ്. എന്നാൽ ദേശീയ മനുഷ്യാവകാശകമ്മീഷന്ന് വളരെ പരിമിതമായ അധികാരമേ നൽകിയിട്ടുള്ളൂ. കമ്മീഷനിലെ അംഗങ്ങളുടെ മഹത്വത്തിന്റേയും വിശ്വാസ്യതയുടേയും അടിസ്ഥാനത്തിലാണ് അത് പ്രവർത്തിക്കുന്നത്. അതിന്ന് പ്രത്യേകിച്ചൊരധികാരവും നല്കിയിട്ടില്ല. ഒരു കല്പന പുറപ്പെടുവിക്കാനും അധികാരമില്ല. വാസ്തവത്തിൽ ശുപാർശകൾ സമർപ്പിക്കാൻ മാത്രമേ കമ്മീഷന്ന് അധികാരമുള്ളൂ.

കമ്മീഷൻ നിയമിതമായിട്ട് പത്തു കൊല്ലം കഴിഞ്ഞുവെങ്കിലും, അതിന്റെ ആന്തര സംവിധാനത്തിൽ ഇനിയും ഒരു പരിഷ്ക്കാരവും വരുത്തിയിട്ടില്ല. ദേശീയ മനുഷ്യാവകാശകമ്മീഷനും സംസ്ഥാന കമ്മീഷനുകൾക്കും അവയുടെ കല്പനകൾ നടപ്പാക്കാൻ കൂടുതൽ അധികാരം നല്കേണ്ടത് അത്യാവശ്യമായിരിക്കുന്നു. ഐ.രാ. മനുഷ്യാവകാശ കൗൺസിലിൽ നേടിയ അംഗത്വം ഇത്തരം പരിഷ്ക്കാരങ്ങൾ നടപ്പാക്കാൻ പറ്റിയ ഒരവസരം കൂടിയാണ്. ദേശീയ കമ്മീഷനും സംസ്ഥാനകമ്മീഷനുകളും നൽകുന്ന "നിർദ്ദേശങ്ങൾ" നടപ്പാക്കുന്നതിനുള്ള നിയമപരമായ അധികാരം അവയ്ക്ക് ഉണ്ടാകേണ്ടതാണ്.

ഐക്യരാഷ്ട്ര മനുഷ്യാവകാശ കൗൺസിലിലെ ഇന്ത്യയുടെ പ്രവേശനം ഇന്ത്യയെക്കുറിച്ചു വലിയ പ്രതീക്ഷകളാണു ഉയർത്തിയിട്ടുള്ളത്. ഈ പ്രതീക്ഷകൾ സഫലമാക്കാൻ മേൽപറഞ്ഞ പരിഷ്ക്കാരങ്ങൾ പ്രയോജനപ്പെടും. മനുഷ്യാവകാശ കൗൺസിലിൽ ഇന്ത്യക്ക് സ്വന്തം അന്തസ്സും വിശ്വാസ്യതയും സംരക്ഷിക്കാനും ഇത് ഉതകും. അന്താരാഷ്ട്ര മനുഷ്യാവകാശ മാനദണ്ഡങ്ങൾക്ക് രൂപംനൽകുന്നതിലും മനുഷ്യാവകാശ സംരക്ഷണത്തിന് ഒരു മെഷീനറി ഉണ്ടാക്കുന്നതിലും ഐക്യരാഷ്ട്ര സമിതിക്ക് അതിന്റേതായ സംഭാവന നൽകാൻ കഴിയും. മനുഷ്യാവകാശരംഗത്ത് പ്രവർത്തിക്കുന്ന സർക്കാരേതര സംഘടനകളുടെ പ്രവർത്തനങ്ങളും പ്രയോജനകരമാണ്. എന്നാൽ മനുഷ്യാവകാശങ്ങൾ നടപ്പാക്കുക എന്ന മർമ്മപ്രധാനമായ കർത്തവ്യം ഓരോ രാജ്യത്തിലേയും ഭരണകൂടത്തിന്റെ ജോലിയാണ്.

മനുഷ്യാവകാശം അംഗീകരിക്കുന്നതിൽനിന്നും മനുഷ്യാവകാശം നടപ്പാക്കുന്നതിലേക്കുള്ള മാറ്റം വലിയൊരു എടുത്തുചാട്ടമാകുമെന്ന് ലോകവ്യാപകമായ സമരങ്ങൾ ആവർത്തിച്ചു തെളിയിച്ചിട്ടുണ്ട്. ഇവിടെയാണ് മനുഷ്യാവകാശ കൗൺസിലിലെ ഇന്ത്യയടക്കമുള്ള അംഗങ്ങൾക്ക് വലിയൊരു പങ്കു വഹിക്കാനുള്ളത്.

(ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ ഓണററി കൺസൽട്ടന്റാണ് ലേഖകൻ)

❑

# ഐക്യരാഷ്ട്ര സമിതിക്ക് പുതിയ മനുഷ്യാവകാശ കൗൺസിൽ

**ഐ**ക്യരാഷ്ട്ര സമിതിയുടെ പുതിയ മനുഷ്യാവകാശ കൗൺസിലിന്റെ ആദ്യത്തെ സമ്മേളനം ജൂണിൽ ജനീവയിൽ നടന്നു. അതോടെ 1946ൽ രൂപീകൃതമായ ഐക്യരാഷ്ട്ര മനുഷ്യാവകാശ കമ്മീഷൻ നിലവിലില്ലാതായി.

മനുഷ്യാവകാശ കമ്മീഷന്റെ ഘടനയെകുറിച്ചും പ്രവർത്തനങ്ങളെകുറിച്ചും വളരെയധികം ആക്ഷേപങ്ങൾ ഉയർന്നുവന്നതാണ് മനുഷ്യാവകാശ കൗൺസിൽ രൂപീകരിക്കാൻ ഇടയാക്കിയത്. നിലവിലുള്ള ഘടനപ്രകാരം ഏതുരാജ്യത്തിനും മനുഷ്യാവകാശകമ്മീഷനിൽ അംഗത്വം നേടാൻ കഴിയുമായിരുന്നു. മനുഷ്യാവകാശ ധ്വംസനത്തിന്ന് കുപ്രസിദ്ധമായ രാജ്യങ്ങൾപോലും കമ്മീഷനിൽ അംഗത്വം നേടാറുണ്ട്.

നിലവിലുള്ള കമ്മീഷനിൽ 53 അംഗരാജ്യങ്ങളാണുണ്ടായിരുന്നത്. ഐക്യരാഷ്ട്ര ജനറൽ അസംബ്ലിയിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന രാജ്യങ്ങളാണ് കമ്മീഷനിൽ അംഗമാകുക. എന്നാൽ പുതിയ മനുഷ്യാവകാശകൗൺസിലിന്റെ അംഗസംഖ്യ 47 ആയികുറച്ചു. മനുഷ്യാവകാശകൗൺസിൽ അംഗത്വം ലഭിക്കുന്നതിന് കർക്കശമാനദണ്ഡങ്ങളും നിശ്ചയിച്ചിട്ടുണ്ട്. മനുഷ്യാവകാശധ്വംസനം നടക്കുന്നുവെന്നതിന്റെ പേരിൽ ഇറാൻ, വെനീസുല തുടങ്ങിയ പല രാജ്യങ്ങൾക്കും കൗൺസിലിൽ അംഗത്വം നിഷേധിക്കപ്പെട്ടു.

ജൂണിൽ ജനീവയിൽ ചേർന്ന കൗൺസിലിന്റെ ഒന്നാമത്തെ യോഗം പ്രധാനമായും കൗൺസിലിന്റെ നടപടി ക്രമങ്ങളാണ് ചർച്ചചെയ്ത് തീരുമാനിച്ചത്. പക്ഷെ പുതിയ കൗൺസിലിന്റെ പ്രവർത്തനാരംഭംതന്നെ കല്ലുകടിയോടെയായിരുന്നു. അമേരിക്കയുടെ എതിർപ്പാണ് പ്രശ്നമുണ്ടാക്കുന്നത്. മനുഷ്യാവകാശ കമ്മീഷന്റെ പ്രവർത്തനം തകരാറിലായത് അതിലെ അംഗസംഖ്യയുടെ ബാഹുല്യംകൊണ്ടാണെന്നും വളരെകുറച്ച് അംഗങ്ങൾ മാത്രമുള്ളതാകണം പുതിയ കൗൺസിലെന്നും അമേരിക്ക തുടക്കം മുതലേ ശഠിച്ചിരുന്നു. പക്ഷേ ആ നിർദ്ദേശം ജനറൽ അസംബ്ലിക്ക് സ്വീകാര്യമായില്ല. അംഗസംഖ്യ 53 ൽ നിന്ന് 47 ആയി കുറച്ചുവെങ്കിലും അമേരിക്ക അതുകൊണ്ടും തൃപ്തിപ്പെട്ടില്ല. തന്മൂലം കൗൺസിലിൽ അംഗത്വം തേടാൻ അമേരിക്ക വിസമ്മതിച്ചു. ❑

# മാനസിക രോഗത്തിൽ കേരളം മുന്നിൽ!

**മാ**നസികരോഗത്തെ സംബന്ധിച്ചിടത്തോളം ഇന്ത്യയിൽ ഒന്നാംസ്ഥാനത്തു നിൽക്കുന്നത് കേരളമാണെന്ന് നാഷണൽ സാമ്പിൾ സർവ്വേ ഓർഗനൈസേഷൻ നടത്തിയ ഒരു സർവ്വേയിൽ വ്യക്തമായി.

മാനസികരോഗത്തിൽ മാത്രമല്ല, സംസാര വൈകല്യം, ശ്രവണശേഷിക്കുറവ്, ബുദ്ധിമാന്ദ്യം തുടങ്ങിയ അവശതകളിലും കേരളമാണ് ഒന്നാം സ്ഥാനത്ത്. നാനാവിധ ശാരീരിക രോഗങ്ങളെകുറിച്ച് ഇതിന്നുമുമ്പും സർവ്വേ നടന്നിട്ടുണ്ടെങ്കിലും മാനസികരോഗങ്ങളെ കുറിച്ച് ഒരു സർവ്വേ നടത്തുന്നത് ഇതാദ്യമാണ്.

കേരളത്തിൽ ഒരു ലക്ഷം പേരിൽ 272 പേർക്ക് മാനസികരോഗമുണ്ട്. ഇത് ദേശീയ ശരാശരിയുടെ(105) ഇരട്ടിയിലേറെ വരും. മാനസികരോഗങ്ങളിൽ കേരളത്തോട് അടുത്തുനിൽക്കുന്ന സംസ്ഥാനങ്ങൾ ആന്തമാൻ (211) ഹിമാചലം(195) ലക്ഷദ്വീപ്(177) എന്നിവയാണ്.

താരതമ്യേന പിന്നണിയിൽ കിടക്കുന്ന ബീഹാർ, യു.പി. എന്നീ സംസ്ഥാനങ്ങളിൽപോലും മാനസികാരോഗ്യം മെച്ചപ്പെട്ടതാണ്. മാനസികാരോഗ്യമെന്നല്ല, സംസാരവൈകല്യം ശ്രവണശേഷി, ബുദ്ധിമാന്ദ്യം തുടങ്ങിയവയിലും ഈ സംസ്ഥാനങ്ങൾ കേരളത്തേക്കാൾ മുന്നിട്ടു നിൽക്കുന്നു. അന്ധതയുടെ കാര്യത്തിൽ മാത്രമേ കേരളത്തിനല്പം ആശ്വസിക്കാൻ വകയുള്ളൂ.-ദേശീയ ശരാശരി (192)യേക്കാൾ അല്പം ഭേദമാണ് കേരളത്തിലെ സ്ഥിതി (176).

കേരളത്തിലെ 160 പഞ്ചായത്ത് വാർഡുകളിലും 102 നഗര വാർഡുകളിലുമാണ് സർവ്വേ നടത്തിയത്. സർവ്വ ഫലം താഴെ ചേർക്കുന്നു. ലക്ഷത്തിൽ എത്രപേർ എന്നാണ് കണക്ക്. ബ്രാക്കറ്റിൽ ദേശിയതലത്തിലെ കണക്കാണ്.

| | |
|---|---|
| *മാനസികരോഗം* | *272 (105)* |
| *ബുദ്ധിമാന്ദ്യം* | *194 (94)* |
| *കാഴ്ചകുറവ്* | *132 (77)* |
| *ശ്രവണ വിഷമം* | *453 (291)* |
| *സംസാരവൈകല്യം* | *335 (204)* |
| *അന്ധത* | *176 (192)* |
| *അവശതയുള്ളവർ* | *2235 (1755)* |

മാനസികരോഗമുള്ളവരുടെ ചികിത്സക്കായി കേന്ദ്ര ഗവർമ്മേണ്ട് ആവിഷ്കരിച്ചിരുന്ന ഒരു പദ്ധതി ഇപ്പോൾ ത്രിശങ്കുവിലാണ്. ഓരോ ജില്ലയിലും അഞ്ചു കൊല്ലം നീണ്ടുനിൽക്കുന്ന ഒരു പദ്ധതിക്കാണ് കേന്ദ്രം അനുമതി നൽകിയിട്ടുള്ളത്. അഞ്ചുകൊല്ലം കഴിഞ്ഞാൽ പദ്ധതി സംസ്ഥാന ഗവർമ്മേണ്ട് ഏറ്റെടുത്തു നടത്തണമെന്നാണ് വ്യവസ്ഥ. പക്ഷേ സംസ്ഥാന ഗവർമ്മേണ്ട് പദ്ധതി ഏറ്റെടുക്കാതെ കാര്യം നീട്ടികൊണ്ടു പോകുന്നു.

1999 ൽ തിരുവനന്തപുരം ജില്ലയിലാണ് ഈ പദ്ധതിയുടെ തുടക്കം കുറിച്ചത്. 2000 ൽ തൃശ്ശൂർ ജില്ലയിലും പദ്ധതി നടപ്പാക്കി. തിരുവനന്തപുരം ജില്ലയിലെ കേന്ദ്ര പദ്ധതി 2004 ലും തൃശ്ശൂരിൽ 2005 ലും പൂർത്തിയായി. എന്നാൽ രണ്ടിടത്തെ സേവനങ്ങളും സംസ്ഥാന ഗവർമ്മേണ്ട് ഏറ്റെടുത്തിട്ടില്ല. കണ്ണൂർ, കോട്ടയം ജില്ലകളിൽകൂടി പദ്ധതി നടപ്പാക്കാൻ കേന്ദ്രം ഇപ്പോൾ അനുമതി നൽകിയിട്ടുമുണ്ട്.

മാനസികരോഗങ്ങൾക്ക് ദീർഘകാലത്തെ ചികിത്സ വേണ്ടിവരും. അതിന്ന് ആസ്പത്രിയിൽ കിടക്കേണ്ട കാര്യമില്ല. രോഗനിർണ്ണയം നടത്തി മരുന്ന് നിശ്ചയിച്ചാൽ, ആ മരുന്നു മൂന്നോ നാലോ കൊല്ലം മുടങ്ങാതെ ഉപയോഗിക്കണമെന്നേയുള്ളൂ. പക്ഷേ അവിടെയാണ് അതിന്റെ ഉളുക്കും. ഒരിക്കൽ മരുന്ന് ഉപയോഗിക്കുന്നത് നിർത്തിയാൽ, പിന്നെ അതുമുതൽ വീണ്ടും മൂന്നോ നാലോ കൊല്ലം ഉപയോഗിക്കേണ്ടിവരും. രോഗിക്ക് മുടങ്ങാതെ മരുന്ന് കിട്ടാറാക്കുകയും ആവശ്യം വന്നാൽ രോഗിയെ പരിശോധിക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ മർമ്മം.

നമ്മുടെ സമൂഹം മാനസിക പ്രശ്നങ്ങളുള്ളവരോട് വളരെ ക്രൂരമായാണ് പെരുമാറുന്നത്. ഒരിക്കൽ ആസ്പത്രിയിൽ കിടത്തി ചികിത്സിച്ചാൽ, ഭ്രാന്തൻ എന്ന പേരു വീഴും. കേരളത്തിലെ ഭ്രാന്താസ്പത്രികളുടെയെല്ലാം പേര് മാനസികാരോഗ്യാസ്പത്രി എന്നാക്കി മാറ്റിയതിന്റെ കാരണം തന്നെ അതാണ്. അതിനാൽ രോഗിയെ ആസ്പത്രിയിൽ പ്രവേശിപ്പിക്കാതെ ചികിത്സക്ക് ഏർപ്പാട് ചെയ്യുക എന്നത് അതിപ്രധാനമാണ്. അതിന്നാണ് കേന്ദ്ര ഗവർമ്മേണ്ട് ജില്ലാ മാനസികാരോഗ്യ പരിപാടി തയ്യാറാക്കിയതും.

ഈ ജില്ലാ ചികിൽസാ പരിപാടിക്ക് കൊല്ലത്തിൽ 20 ലക്ഷം രൂപയേ ഒരു ജില്ലക്ക് ആവശ്യമായി വരൂ. തിരുവനന്തപുരത്ത് പദ്ധതി ഇഴഞ്ഞു നീങ്ങുന്നുണ്ട്. മുമ്പനുവദിച്ച പണത്തിൽ അവശേഷിക്കുന്ന സംഖ്യയാണിതിന്ന് ഇപ്പോൾ ഉപയോഗിക്കുന്നത്. സംസ്ഥാന ആരോഗ്യവകുപ്പ് മരുന്നുകൾ സൗജന്യമായി നൽകിവരുന്നതും ഒരനുഗ്രഹമാണ്. എന്നാൽ തൃശ്ശൂരിൽ മരുന്ന് നൽകുന്നില്ല. ഈ പരിപാടിയുടെ നടത്തിപ്പിന്നായി അനുവദിച്ചിട്ടുള്ള മൊബൈൽ വാനിന് ഡീസൽ വാങ്ങാൻപോലും കാശില്ല. രോഗികൾക്ക് യഥാസമയം മരുന്ന് എത്തിച്ചുകൊടുത്തില്ലെങ്കിൽ അവർ മരുന്നുപയോഗിക്കുന്നത് നിർത്തിയെന്നുവരും. അത് രോഗികളുടെ എണ്ണം വർദ്ധിപ്പിക്കും. സാധാരണയായി ഒരു ജില്ലയിൽ 25 ക്ലിനിക്കുകളിൽ മൊബൈൽ ടീം എത്തി രോഗികളെ പരിശോധിക്കുകയും ആവശ്യമായ മരുന്നു നൽകുകയും ചെയ്തിരുന്നു. പഴയ രോഗികൾക്കെന്നല്ല, പുതിയ രോഗികൾക്കും ആസ്പത്രിയുടെ പടി കാണാതെ ചികിത്സ ലഭിക്കാൻ ഈ സംവിധാനം സഹായിച്ചിരുന്നു.

മാനസികരോഗചികിത്സ പ്രഥമികാരോഗ്യകേന്ദ്രത്തിന്റെ ഭാഗമാക്കി മാറ്റുക എന്നതാണ് ഗവർമ്മേണ്ടിന്റെ ദീർഘകാല ലക്ഷ്യം. മാനസികരോഗാസ്പത്രിയിൽ പോയവൻ എന്ന പേരുവീഴാതെ നോക്കാൻ ഇതു സഹായിക്കും. അതിനും പുറമെ ഇവർക്ക് നാഥനുണ്ടാകും. പണ്ട് മാനസികരോഗികളെ കുടുംബക്കാർ കൈവിടുകയാണ് പതിവ്. ജില്ലാ ചികിത്സാ പദ്ധതി ആരംഭിച്ചതോടെ ഇതിന്നു മാറ്റം വന്നിട്ടുണ്ട്. കാരണം ഡോക്ടറുടെ പരിശോധനയും മരുന്നു നൽകലും അവർക്കൊരു ഭാരമല്ലാതായി. സർവ്വോപരി, മാനസികപ്രശ്നങ്ങൾ തലനീട്ടുമ്പോൾ തന്നെ ചികിത്സ ആരംഭിച്ചാൽ അസുഖം പൂർണ്ണമായി തന്നെ മാറ്റാൻ കഴിയുമെന്ന് സമൂഹത്തിന്ന് ബോധ്യം വരുത്താനും സാധിച്ചു.

ഈ ജില്ലാ പദ്ധതി സംസ്ഥാന ഗവർമ്മേണ്ട് ഏറ്റെടുക്കാത്തപക്ഷം ഇതുവരെ ചെയ്ത നല്ലകാര്യങ്ങളെല്ലാം വെള്ളത്തിലാകുമെന്നതാണ് ഇപ്പോഴത്തെ സ്ഥിതി. ❑

# ഭൂദാനം: മന്ത്രിസഭയുടെ ഒരു ഉച്ചകിറുക്ക്

രാഷ്ട്രീയകക്ഷികൾക്ക് ദൽഹിയിൽ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമി നൽകുന്നത് സംബന്ധിച്ച് കേന്ദ്ര മന്ത്രിസഭ കൈകൊണ്ടിരിക്കുന്ന തീരുമാനം, മിതമായ ഭാഷയിൽ പറഞ്ഞാൽ, ഉച്ചകിറുക്കാണ്. ഈ തീരുമാനംകൊണ്ട് രാഷ്ട്രീയ കക്ഷികൾക്കെല്ലാം നേട്ടമാണുണ്ടാവുക എന്നതിനാൽ ആരും ഇതിനെ എതിർക്കാനോ വിമർശിക്കാനോ മുതിർന്നുവെന്നുവരില്ല. എം. പി. മാർക്കുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനുള്ള ബിൽ പാർലിമെന്റിൽ വരുമ്പോൾ, അത് ഏകകണ്ഠമായി പാസ്സാക്കുന്നത് കണ്ട് ശീലിച്ചവരാണല്ലോ ജനങ്ങൾ.

ആദ്യം തന്നെ മന്ത്രിസഭാ തീരുമാനത്തിന്റെ ഒരു സംഗ്രഹം നൽകാം. ദൽഹിയിൽ ഒട്ടേറെ സർക്കാർ ബംഗ്ലാവുകൾ വിവിധ കക്ഷികൾ കയ്യടക്കി വച്ചിട്ടുണ്ട്. ഇതിന്നെതിരായി സുപ്രീം കോടതിയിൽ ഒരു കേസ് വന്നപ്പോൾ, എല്ലാറ്റിനേയും തല്ലി പുറത്താക്കാൻ കോടതി കൽപിച്ചു. ദൽഹിയിൽ ഓഫീസ് വേണമെന്നുള്ളവർ ഓഫീസ് കെട്ടിടം നിർമ്മിക്കണം. അതിന്നുവേണ്ട ഭൂമി സർക്കാർ നൽകണം- ഇതായിരുന്നു കല്പന. ഈ കൽപനയുടെ മറപിടിച്ചാണ് കേന്ദ്രമന്തിസഭ ഇപ്പോൾ ഒരു ഭൂദാന പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. പദ്ധതി ഇതാണ്.

ലോകസഭയിലും രാജ്യസഭയിലുമായി ഇരുന്നൂറിൽപരം എം.പി. മാരുള്ള പാർട്ടികൾക്കു നാലേക്കർഭൂമി;

100 മുതൽ 200 എം.പി. മാർവരെയുള്ള കക്ഷികൾക്ക് രണ്ടേക്കർ ഭൂമി;

51 മുതൽ 100 എം.പി.മാർവരെയുള്ള കക്ഷികൾക്ക് ഒരേക്കർ, 26 മുതൽ 50 വരെയുള്ളവർക്ക് രണ്ടായിരം ചതുരശ്ര മീറ്റർ.

7 മുതൽ 15 എം.പി മാർവരെയുള്ള പാർട്ടികൾക്ക് 500 ചതുരശ്ര മീറ്റർ.

ഏഴ് എം.പി.മാരിൽ കുറവുള്ള കക്ഷികൾക്ക് പട്ടേൽ ഹൗസിൽ ഓഫീസ്സിന്ന് സ്ഥലസൗകര്യം നൽകാനും തീരുമാനിച്ചിട്ടുണ്ട്.

ഇങ്ങനെ അനുവദിച്ചുകിട്ടുന്നസ്ഥലത്ത് പാർട്ടി ഓഫീസിന്നു കെട്ടിടം നിർമ്മിക്കാനേ പാടുള്ളൂ. അത് വാണിജ്യാവശ്യത്തിന്നോ താമസസ്ഥലം ഉണ്ടാക്കാനോ ഉപയോഗിച്ചുകൂടാ.

ഇവിടെ ചില സംശയങ്ങൾ ഉദിക്കുന്നു.

(1) പാർട്ടികളുടെ സംഖ്യാബലം നിർണ്ണയിക്കുന്നതെങ്ങനെയാണ്? മന്ത്രിസഭ ഈ തീരുമാനം കൈകൊണ്ട ജൂൺമാസത്തിൽ രാജ്യസഭയിലും ലോകസഭയിലും ഉണ്ടായിരുന്ന എം. പി. മാരുടെ കക്ഷിതിരിച്ചുള്ള കണക്കെടുത്തിട്ടായിരിക്കുമോ?

(2) എം. പി. മാരുടെ എണ്ണത്തിൽ ഏറ്റകുറവു വരുന്നതനുസരിച്ച് ഭൂമിയുടെ വിസ്തൃതി കൂട്ടുകയോ കുറക്കുകയോ ചെയ്യുമോ? 1984 ൽ ലോകസഭയിൽ രണ്ടു ബി.ജെ.പി. ക്കാരാണുണ്ടായിരുന്നത്. ഇന്ന് അത് നൂറിൽപരമായില്ലേ? നാളെ അത് വീണ്ടും രണ്ടിലെത്തിയെന്നുവന്നുകൂടെ?

(3) 1977–79 ൽ ഇന്ത്യ ഭരിച്ചത് ജനതാപാർട്ടിയാണ്. ഇന്ന് ആ പാർട്ടിക്ക് ഒരു എം. പി. പോലുമില്ല; പാർട്ടിതന്നെ നിലവിലുണ്ടോ എന്നറിയില്ല. ഏതായാലും എലക്ഷൻ കമ്മീഷൻ അംഗീകരിച്ച ലിസ്റ്റിലില്ല.

(4) ഇപ്പോൾ 110 എം. പി. മാരുള്ള ഒരു പാർട്ടിക്ക് രണ്ടേക്കർ ഭൂമി നൽകുന്നു; നാളെ ഈ പാർട്ടി പിളരുകയാണെങ്കിൽ, ഭൂമി ആനുപാതികമായി

➯പേജ് 17

# അഴിമതിക്കാരെ വിറപ്പിച്ച ഒരു വേട്ടക്കാരൻ

**- ഫാലി എസ് നരിമാൻ -**

**ലോ**കയുക്തയായി നിയമിക്കപ്പെടുന്ന ആൾക്ക് അതിവിപുലമായ അധികാരങ്ങളാണ് നിയമത്തിൽ നൽകിയിട്ടുള്ളത്. എന്നിട്ടും കർണ്ണാടകത്തിൽ കഴിഞ്ഞ ഇരുപതു കൊല്ലത്തിന്നിടയിൽ നിയമിക്കപ്പെട്ട ഒരു ലോകായുക്തയും പ്രത്യേകിച്ചൊന്നും ചെയ്തില്ല. എന്നാൽ സുപ്രീം കോടതിയിൽ നിന്നു വിരമിച്ച ജസ്റ്റീസ് എൻ. വെങ്കിടാചല 2001 ൽ ലോകായുക്തയായി നിയമിക്കപെട്ടതോടെ സ്ഥിതിയാകെമാറി. അദ്ദേഹം എല്ലാവരേയും തട്ടിയുണർത്തി. ഉദ്യോഗസ്ഥന്മാർക്ക്, പ്രത്യേകിച്ചും തലപ്പത്തുള്ളവർക്ക്, അദ്ദേഹം ജീവിതം അത്യധികം അസുഖകരമാക്കിതീർത്തു. ഉദ്യോഗസ്ഥൻമാരുടേയും രാഷ്ട്രീയക്കാരുടേയും വഴി പിഴച്ച പോക്കുകളെ അദ്ദേഹം നിരന്തരം സൂക്ഷ്മ പരിശോധനക്കിരയാക്കി. സർക്കാർ വകുപ്പുകളേയും തദ്ദേശ ഭരണ സമിതികളേയും അദ്ദേഹം ഉത്തരവാദിത്വബോധമുള്ളവയാക്കി. അധികാരത്തിലിരിക്കുന്ന അഴിമതിക്കാരെ നാണം കെടുത്തിവിടുന്നത് ജ: വെങ്കടാചലക്ക് ഒരു കമ്പം തന്നെയാണ്. നല്ലകാര്യങ്ങൾ ചെയ്യുന്ന ഒരു നല്ല മനുഷ്യനാണദ്ദേഹം.



കർണ്ണാടകത്തിൽ ഒട്ടേറെ അഴിമതി വീരൻമാരെ പിടികൂടിയ ലോകായുക്ത ജ: വെങ്കിടാചല ജൂൺ 30ന് വിരമിച്ചു.

അഴിമതിയുടെ ഏറ്റകുറച്ചിൽ കണക്കാക്കുന്നത് ഒരു ഏകദേശ കണക്കുവച്ചാണ്. ട്രാൻസ്പാരൻസി ഇന്റർനാഷണൽ എന്ന ലോക സംഘടനയുടെ അഴിമതി സൂചിക പ്രകാരമാണെങ്കിൽ ഇന്ത്യ അഴിമതിയിൽ ആറാടുന്ന ഒരു രാജ്യമാണ്. ട്രാൻസ്പാരൻസി ഇന്റർനാഷണലിന്റെ സൂചിക 0 മുതൽ 10 വരെയാണ്. അഴിമതി തീരെയില്ലാത്ത രാജ്യത്തിന്ന് 10 മാർക്ക്; ഏറ്റവുമധികം അഴിമതിയുള്ള രാജ്യത്തിന്ന് 0 മാർക്ക്. ലോകരാഷ്ട്രങ്ങളെ ഈ പൂജ്യത്തിന്നും പത്തിന്നും ഇടയിലായി തരം തിരിച്ചിരിക്കുന്നു. ഇന്ത്യയുടെ സ്ഥാനം 2 നും 3നും ഇടക്കാണ്.

നമ്മുടെ ഭരണഘടന തയ്യാറാക്കിയത് മാന്യൻമാരാണ്. അക്കാലത്ത് ഒരാൾ തന്റെ ജീവനേക്കാൾ അമൂല്യമായി തന്റെ മാനത്തെ കണക്കാക്കിയിരുന്നു. അതുകൊണ്ട് അവർ ഒരാളെകൊണ്ട് സത്യപ്രതിജ്ഞയെടുപ്പിച്ചാൽ കാര്യമെല്ലാം ഭദ്രമാകുമെന്ന് വിശ്വസിച്ചിരുന്നു. അങ്ങനെ ഭരണാധികാരികളെകൊണ്ട് " നിർഭയമായും നിഷ്പക്ഷമായും മമത കാട്ടാതേയും ദ്രോഹചിന്ത കൂടാതേയും" ചുമതല നിറവേറ്റികൊള്ളാമെന്ന് സത്യപ്രതിജ്ഞ ചെയ്യിക്കാൻ വ്യവസ്ഥയുണ്ടാക്കി. എന്നാൽ സ്വാതന്ത്ര്യപ്രാപ്തിക്കുശേഷമുള്ള നേതാക്കൻമാരുടെ ആദ്യതലമുറ അസ്തമിച്ചതോടെ, ഉന്നതസ്ഥാനങ്ങളിൽ അഴിമതി അതിവേഗം പെരുകാൻ തുടങ്ങി. രാഷ്ട്രീയ ശ്രേണിയിലെ തലപ്പത്തുള്ളവരിൽ ജനങ്ങൾക്കുണ്ടായിരുന്ന വിശ്വാ

സമാകട്ടെ, അതിവേഗം ക്ഷയിക്കാനും തുടങ്ങി.

1947 ലെ അഴിമതി നിരോധന നിയമത്തിന്നു പകരമായി 1988 ൽ പുതിയൊരു അഴിമതി നിരോധന നിയമം കൊണ്ടുവന്നത് മുൻ നിയമത്തിലെ പഴുതുകൾ അടക്കാൻ വേണ്ടിയായിരുന്നു. പക്ഷേ സംഭവിച്ചത് അതല്ല. പുതിയ നിയമപ്രകാരം ഒരു മന്ത്രിക്കെതിരെ അഴിമതികാണിച്ചതിന്ന് കേസെടുക്കണമെങ്കിൽ, ഗവർമ്മേണ്ടിന്റെ അനുമതി നേടിയിരിക്കണം. അതായത് മുഖ്യമന്ത്രി അഴിമതിക്കാരനാണെങ്കിൽ ഒരു മന്ത്രിക്കും പേടിക്കാനില്ലെന്നർത്ഥം.

എന്നാൽ സുപ്രീം കോടതി സുപ്രധാനമായ ഒരു വിധിയിൽ ഗവർണ്ണർമാർക്ക് ഇക്കാര്യത്തിൽ പ്രത്യേകമായൊരു പദവി കല്പിച്ചു നൽകിയിട്ടുണ്ട്. മധ്യപ്രദേശിൽ നിന്ന് വന്ന ഒരു കേസിലായിരുന്നു ഈ വിധി. മധ്യപ്രദേശിലെ ലോകായുക്ത അവിടത്തെ രണ്ടു മന്ത്രിമാർ അഴിമതി കാണിച്ചതായി വിധിച്ചിരുന്നു. അഴിമതി നിരോധന നിയമപ്രകാരം ഈ മന്ത്രിമാരെ പ്രോസിക്യൂട്ടുചെയ്യാൻ ലോകായുക്ത് നിർദ്ദേശിച്ചു.

മധ്യപ്രദേശിലെ ഇൻഡോർ ഡവലപ്മെന്റ് അഥോറിട്ടി ഏഴ് ഏക്കർ ഭൂമി നിയമാനുസൃതം അക്വയർ ചെയ്തിരുന്നു. ഈ ഭൂമി തിരിച്ചുകിട്ടാനായി ഭൂവുടമ മധ്യപ്രദേശ് ഗവർമ്മേണ്ടിനെ സമീപിച്ചു. രണ്ടു മന്ത്രിമാർ ഇതിൽ ഇടപെട്ട് നിയമവിരുദ്ധമായി ഭൂമി വിട്ടുകൊടുത്തുവെന്നും കൈകോഴവാങ്ങിയാണ് അത് ചെയ്തതെന്നുമായിരുന്നു കേസ്, ലോകായുക്ത കേസ് പരിശോധിച്ചശേഷം മന്ത്രിമാർ കുറ്റക്കാരാണെന്നുകാണുകയും അവരെ പ്രോസിക്യൂട്ട് ചെയ്യാൻ നിർദ്ദേശിക്കുകയും ചെയ്തു. എന്നാൽ മന്ത്രിമാരെ പ്രോസിക്യൂട്ട് ചെയ്യാൻ മന്ത്രിസഭ അനുമതി നൽകിയില്ല. പ്രഥമദൃഷ്ട്യാ കേസൊന്നുമില്ലെന്നാണ് മന്ത്രിസഭ തീരുമാനിച്ചത്.

ഗവർണ്ണർ ഭായ് മഹാവീരയുടെ അടുത്തെത്തിയപ്പോൾ അദ്ദേഹം മറിച്ചാണ് തീരുമാനിച്ചത്. ഗവർണ്ണർക്ക് സ്വേചരാപൂർവ്വം പ്രോസിക്യൂഷന് അനുമതി നൽകാമെന്ന് അദ്ദേഹം മനസ്സിലാക്കി. കുറെക്കാലം മുമ്പ് മഹാരാഷ്ട്രത്തിൽ അന്തുലേ മുഖ്യമന്ത്രിയായിരുന്നകാലത്ത്, മുഖ്യമന്ത്രിക്കെതിരെ വന്ന ഒരു അഴിമതിക്കേസിൽ, അന്നത്തെ ഗവർണ്ണറായിരുന്ന എയർ ചീഫ് മാർഷൽ ഇദ്രിസ് ഹസ്സൻ ലത്തീഫ് സ്വേചരാപൂർവ്വം പ്രോസിക്യീഷന്ന് അനുമതി നൽകിയിരുന്നു. ഈ കീഴ് വഴക്കമനുസരിച്ച് ഭായ് മഹാവീർ മന്ത്രിമാരെ പ്രോസിക്യൂട്ട് ചെയ്യാൻ അനുമതി നൽകി.

പക്ഷേ മഹാരാഷ്ട്രാ ഗവർണ്ണറുടെ നടപടിയെ അതിലംഘിക്കുന്നതായിരുന്നു മധ്യപ്രദേശ് ഗവർണ്ണറുടെ നടപടി. മഹാരാഷ്ട്രത്തിൽ മന്ത്രിസഭയോടാലോചിക്കാതെ ഗവർണ്ണർ പ്രോസിക്യൂഷന് അനുമതി നൽകുകയാണുണ്ടായത്. എന്നാൽ മധ്യപ്രദേശിൽ മന്ത്രിസഭയുടെ തീരുമാനത്തിന്ന് വിരുദ്ധമായാണ് ഗവർണ്ണർ അനുമതി നൽകിയത്. മന്ത്രിസഭയുടെ ഉപദേശമനുസരിച്ച് പ്രവർത്തിക്കാൻ ബാദ്ധ്യസ്ഥനായ ഗവർണ്ണർ മന്ത്രിസഭയുടെ ഉപദേശത്തിന്നു വിരുദ്ധമായി പ്രവർത്തിക്കാൻ പാടുണ്ടോ?

ഈ പ്രശ്നം ഒടുവിൽ സുപ്രീംകോടതിയുടെ ഭരണഘടനാബഞ്ചിന്റെ പരിഗണനക്കെത്തി. ലോകായുക്തയുടെ റിപ്പോർട്ട് സുപ്രീംകോടതി പരിശോധിച്ചു. രണ്ടുമന്ത്രിമാരെ കുറ്റവിമുക്തമാക്കിക്കൊണ്ടുള്ള മന്ത്രിസഭാതീരുമാനം അസാധുവാണെന്നു കോടതി വിധിച്ചു. മന്ത്രിമാർക്കെതിരായ കേസിൽ മന്ത്രിമാർതന്നെ വിധിയെഴുതുന്നത് പ്രതിക്കെതിരായ കേസിൽ പ്രതി തന്നെ വിധിപറയുന്നതിനു

തുല്യമാകയാൻ അത് അനുവദനീയമല്ലെന്ന് കോടതി ചൂണ്ടിക്കാട്ടി. അങ്ങനെ ഗവർണ്ണറുടെ നടപടി സാധുവാക്കപ്പെട്ടു.

ഈ കേസ് രണ്ടുകാര്യങ്ങളാണ് നമ്മുടെ ശ്രദ്ധയിൽ പെടുത്തുന്നത്. തിരഞ്ഞെടുക്കപ്പെടാത്ത ഗവർണ്ണർക്ക് നമ്മുടെ വ്യവസ്ഥാപിത സംവിധാനത്തിലുള്ള പ്രാധാന്യമാണ് ഒന്നാമത്തേത്. രണ്ടാമത്തേത്, തിരഞ്ഞെടുക്കപ്പെടാത്ത ലോകായുക്തക്ക് സംസ്ഥാനസംവിധാനത്തിലുള്ള പ്രാധാന്യമാണ്. ഇവർ അഴിമതിയുടെ വേലിയെറ്റത്തിന്നെതിരായി, ധീരമായി സ്വന്തം കർത്തവ്യം നിർവ്വഹിക്കുമ്പോൾ, അവരെ നിയമിച്ചവരല്ല, ജനങ്ങളാണ് അവരെ കയ്യടിച്ചനുമോദിക്കുന്നത്.

പാർലമെന്ററി ജനാധിപത്യമെന്നു പറഞ്ഞാൽ, ജനങ്ങൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികളിലൂടെ ജനങ്ങൾ നടത്തുന്ന ഭരണം എന്നാണർത്ഥം. എന്നാൽ ഇവിടെയിപ്പോൾ ജനങ്ങൾക്കുവേണ്ടി, ജനങ്ങളുടെ താൽപര്യസംരക്ഷണത്തിന്നുവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടതല്ല, തിരഞ്ഞെടുക്കപ്പെടാത്ത സ്ഥാപനങ്ങളാണ്. ഇത് വല്ലാത്തൊരു വൈരുധ്യമാണ്!

ഫ്രഞ്ച് രാജതന്ത്രജ്ഞനായ ജീൻമോണെ പലപ്പോഴും പറയുന്ന ഒരു കാര്യമുണ്ട്. ഈ ലോകത്തിൽ രണ്ടുതരം ആളുകളാണുള്ളതെന്ന് അദ്ദേഹം പറയുന്നു: ആരെങ്കിലും ആയിതീരാൻ ആഗ്രഹിക്കുന്നവരും എന്തെങ്കിലും ചെയ്യാൻ ആഗ്രഹിക്കുന്നവരും. ഇതിൽ ആദ്യത്തെ ഗണത്തിൽ പെട്ടവർ ധാരാളമാണ്; എന്നാൽ കാര്യമായെന്തെങ്കിലും ചെയ്യാൻ കച്ചകെട്ടിയിറങ്ങുന്നവർ വളരെ വിരളമാണ്. ഇത്തരത്തിലുള്ള അല്പം ചിലരിലൊരാളാണ് ജ: വെങ്കിടാചല. അതുകൊണ്ടുതന്നെ ഞാനദ്ദേഹത്തെ അഭിവാദ്യം ചെയ്യുന്നു. ❑

## മൂന്നു വമ്പന്മാർ കൂടി കുടുങ്ങി

**ക**ർണ്ണാടക ലോകായുക്ത ജൂൺ അവസാനവാരത്തിൽ മൂന്നു അഴിമതി വീരൻമാരെകൂടി പിടികൂടുകയും ഇവരുടെ അനധികൃത സമ്പാദ്യമായ 25 കോടി രൂപ പിടിച്ചെടുക്കുകയും ചെയ്തു. കർണ്ണാടകത്തിലെ അഴിമതിക്കാർക്കെല്ലാം ഒരു പേടിസ്വപ്നമായിരുന്ന ലോകായുക്ത ജ: വെങ്കിടാചല റിട്ടയർ ചെയ്യുന്നതിന്ന് ഒരാഴ്ചമുമ്പായിരുന്നു ഈ വേട്ട. ജ: വെങ്കിടാചല ജൂൺ 30ന് റിട്ടയർ ചെയ്തു.

1979 ൽ സർവ്വീസിൽ പ്രവേശിച്ച വില്ലേജ് എക്കൗണ്ടന്റായ ഹനുമന്തയുടെ ഇപ്പോഴത്തെ ശമ്പളം 14000 രൂപ മാത്രമാണ്; പക്ഷെ ഇയാൾക്ക് പത്തുകോടിയിൽ പരം രൂപയുടെ അനധികൃത സമ്പാദ്യമുണ്ട്. ലോകായുക്തയുടെ പോലീസ് ഇയാളുടെ വീട്ടിൽ മിന്നൽ പരിശോധനനടത്തിയപ്പോൾ ഒരു ചാക്കിൽ ആറരലക്ഷം രൂപയുടെ കറൻസി നോട്ടുകൾ കെട്ടിയിട്ടിരിക്കുന്നതായി കാണപ്പെട്ടു. ഇയാൾക്ക് രണ്ടു വീടും ആറേക്കർകൃഷിഭൂമിയും ബാങ്ക് നിക്ഷേപങ്ങളും സ്വർണ്ണം വെള്ളി ശേഖരങ്ങളുമുള്ളതായി കണ്ടെത്തി.

മറ്റൊരാൾ വ്യവസായവികസന ബോർഡിലെ അസി: സെക്രട്ടറിയായ നാഗരാജ് ആണ്. രണ്ടുവീട്, പന്ത്രണ്ടര ഏക്കർ കൃഷിഭൂമി, ബാങ്ക് നിക്ഷേപങ്ങൾ, സ്വർണ്ണം വെള്ളി എന്നിങ്ങനെ ആറുകോടി രൂപയുടെ സ്വത്തു ഇയാൾക്കുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

മൂന്നാമൻ എക്സൈസ് വകുപ്പിലെ ഒരു സൂപ്രണ്ടായ തിമ്മഗൗഡയാണ്. നാലുവീട്, മൂന്നുവീടിനുള്ള പ്ലോട്ട്, പത്തേക്കർ കൃഷിഭൂമി എന്നിവയടക്കം എട്ടുകോടിരൂപയുടെ സമ്പത്താണിദ്ദേഹത്തിനുള്ളത്.

അഴിമതിനിരോധനനിയമപ്രകാരം മൂന്നുപേർക്കെതിരേയും കേസ് രജിസ്റ്റർചെയ്തിട്ടുണ്ട്. ഗവർമ്മേണ്ടിന്റെ അനുമതി കിട്ടുന്നതോടെ ഇവർക്കെതിരെ കേസ് ചാർജ്ചെയ്യും. ❑

# അഴിമതിനിയമത്തിലെ ഒരു അസാധാരണ വകുപ്പ്

ഉപ്പിന്ന് പുളിയില്ലെങ്കിൽ പിന്നെ ആ ഉപ്പുകൊണ്ടെന്തു കാര്യം എന്നത് ഒരു ബൈബിൾ സുവിശേഷമാണ്. അഴിമതിനിരോധന നിയമം അഴിമതി തടയാൻ പ്രയോജനപ്പെടില്ലെങ്കിൽ, അതുകൊണ്ടെന്താണ് കാര്യം?

കർണ്ണാടകത്തിലെ ലോകായുക്തയായിരുന്ന ജ: വെങ്കിടാചല ജൂൺ 30-ാം തിയ്യതി റിട്ടയർ ചെയ്തപ്പോൾ, ഗവർമ്മേണ്ടിന്റെ മുന്നിൽ ഒരു കൊട്ട നിറയെ കേസുകൾ വലിച്ചെറിഞ്ഞിട്ടാണ് ഇറങ്ങിപ്പോയത്. ലോകായുക്ത അത്യധ്വാനം നടത്തി തെളിയിച്ച അഴിമതി കേസുകളാണിവ. കൊലകൊമ്പൻമാരായ ഒട്ടേറെപേർ ഉൾപ്പെട്ട കേസുകളാണിവ. പക്ഷേ ഒരെണ്ണത്തിൽപോലും പ്രോസിക്യൂഷൻ നടപടി സ്വീകരിക്കാൻ ഗവർമ്മേണ്ട് അനുമതി നൽകിയിട്ടില്ല. അവിടെയാണതിന്റെ കൊളുത്ത്.

ഏതു നിയമനിർമ്മാണം നടത്തുമ്പോഴും അതിൽ ചില പഴുതുകളിടാൻ രാഷ്ട്രീയക്കാർ ശ്രദ്ധിക്കും. അത് രാഷ്ട്രീയക്കാരുടെ ഉപജീവനമാർഗ്ഗമാണെന്നുപറഞ്ഞാൽ ഒട്ടും അതിശയോക്തിയാവില്ല. 1988 ലെ അഴിമതി നിരോധന നിയമത്തിലും ഇത്തരം പഴുതുകളുണ്ട്. അവയിൽ ഏറ്റവും പ്രധാനപ്പെട്ടത് 19-ാംവകുപ്പാണ്. ഒരാൾക്കെതിരെ അഴിമതിക്കേസ് തെളിഞ്ഞാലും പ്രോസിക്യൂഷൻ ആരംഭിക്കുന്നതിനു മുമ്പ് ഗവർമ്മേണ്ടിന്റെ അനുമതി വാങ്ങിയിരിക്കണമെന്ന് 19-ാം വകുപ്പ് അനുശാസിക്കുന്നു ഗവർമ്മേണ്ടിന്റെ അനുമതിയില്ലാത്തകേസ് കോടതി പരിഗണിക്കില്ല.

സർക്കാർ ജീവനക്കാർക്കെതിരെ പ്രോസിക്യൂഷൻ നടപടിയാരംഭിക്കുന്നതിനു മുമ്പ് സർക്കാരിന്റെ അനുമതി വാങ്ങണമെന്നത് പഴയ ഒരു നിയമമാണ്. അതിനുയുക്തിയുമുണ്ട്. സർക്കാർ ജീവനക്കാർ സർക്കാർ കല്പനയനുസരിച്ച് പ്രവർത്തിക്കുന്നവരാണ്. അതിൽ വ്യക്തിപരമായൊന്നുമില്ല. സർക്കാർ ജീവനക്കാരനെ പ്രോസിക്യൂട്ട് ചെയ്യുന്നത് സർക്കാരിനെ പ്രോസിക്യൂട്ട് ചെയ്യുന്നതിനു തുല്യമാണ്. അത് അനുവദിച്ചുകൂടാ.

എന്നാൽ അഴിമതി നിരോധന നിയമത്തിൽ ഈ വകുപ്പിന് പ്രസക്തിയില്ല. അഴിമതി കാണിക്കുക എന്നത് സർക്കാർ ഏല്പിക്കുന്ന പണിയല്ല. അത് തീർത്തും വ്യക്തിപരമാണ്.

ഈ 19-ാം വകുപ്പ് തീർത്തും വിവേചനാത്മകമാണെന്ന് കർണ്ണാടകത്തിലെ മുൻ പോലീസ് ഡയറക്ടർ ജനറലും ലോകായുക്തയുടെ വിജിലൻസ് ഡയറക്ടറുമായ എം.ഡി. സിങ്ങ് പറയുന്നു. സാധാരണക്കാർ അഴിമതികാണിച്ചാൽ കേസെടുക്കാമെന്നും ഉദ്യോഗസ്ഥൻമാർ അഴിമതി കാണിച്ചാൽ കേസെടുക്കാൻ പാടില്ലെന്നും വന്നുകൂടാ. ഭരണസംവിധാനത്തെ ശുദ്ധീകരിക്കണമെങ്കിൽ ഈ വകുപ്പ് എടുത്തുകളയുകതന്നെവേണമെന്നാണ് അദ്ദേഹം പറയുന്നത്.

ലോകായുക്ത പിടികൂടിയ ഒട്ടേറെ കേസുകൾ ഇപ്പോഴും എങ്ങുമെത്താതെ ഗതികിട്ടാ പ്രേതങ്ങളെപോലെ അലയുകയാണ്. വലിയ കൊമ്പന്മാർക്കെതിരായ കേസുകളാണിവയിൽ മിക്കതും. പോലീസ് ഇൻസ്പെക്ടർ ജനറൽ കൊമ്പയ്യ, ഹോർട്ടി കൾച്ചറൽ ഡയറക്ടറായിരുന്ന പി.ബി. രാമമൂർത്തി,

☞ പേജ് 18

# ഉത്തരകടലാസുകളും വിവരാവകാശ നിയമവും

**– മന്ദാകിനി ദേവേശർ –**

ഗവർമ്മേണ്ട്, സർവ്വകലാശാലകൾ എന്നിവ നടത്തുന്ന പരീക്ഷകൾക്കു ഹാജരാകുന്ന വിദ്യാർത്ഥികൾക്ക്, മൂല്ല്യനിർണ്ണയം നടത്തിയ അവരുടെ ഉത്തരകടലാസുകളുടെ കോപ്പികിട്ടാൻ വിവരാവകാശ നിയമപ്രകാരം അർഹതയുണ്ടോ? ഇതിപ്പോൾ വലിയൊരു വിവാദവിഷയമായിരിക്കുകയാണ്.

2005ലെ കേന്ദ്ര വിവരാവകാശനിയമത്തിൽ ഉത്തരകടലാസുകളുടെ കാര്യത്തിൽ പ്രത്യേകിച്ചൊന്നും പറയുന്നില്ല. എന്നാൽ തപാൽവകുപ്പ് നടത്തിയ ഒരു പരീക്ഷക്കിരുന്ന കേരളത്തിലെ ഒരു പോസ്റ്റ് ഒഫീസ് ജീവനക്കാരിയായ ട്രീസ ഐറിഷ്, തന്റെ മുല്യനിർണ്ണയം നടത്തിയ ഉത്തരകടലാസിന്റെ ഒരു കോപ്പിക്കപേക്ഷിച്ചപ്പോൾ, പബ്ലിക് ഇൻഫർമേഷൻ ഓഫീസർ അതു നൽകിയില്ല. ഇതിനെതുടർന്നു സമർപ്പിച്ച അപ്പീൽ അപ്പലേറ്റ് അഥോറിറ്റിയും തിരസ്കരിച്ചു. തുടർന്ന് അവർ സെൻട്രൽ ഇൻഫോർമേഷൻ കമ്മീഷന്ന് അപേക്ഷ നൽകി. എന്നാൽ അതും തിരസ്കരിക്കപ്പെടുകയാണുണ്ടായത്.

ട്രിസ ഐറിഷിന്റെ ഉത്തരകടലാസുകൾ വിവരാവകാശനിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ടെന്ന് സെൻട്രൽ ഇൻഫർമേഷൻ കമ്മീഷൻ പറയുന്നു. ട്രീസ ഐറിഷ് ആവശ്യപ്പെടുന്ന വിവരം വ്യക്തിപരമാണെന്നും, അതിൽ പൊതു താൽപര്യമില്ലെന്നും തന്മൂലം വിവരാവകാശനിയമത്തിലെ 8 (1) വകുപ്പു പ്രകാരം അത് നൽകുന്നത് നിരോധിക്കപ്പെട്ടിട്ടുണ്ടെന്നുമാണ് കമ്മീഷൻ പറയുന്ന ഒന്നാമത്തെ ന്യായം. രണ്ടാമതായി പരീക്ഷ നടത്തിയ അധികാരികളും ഉത്തരകടലാസിന്റെ മൂല്യനിർണ്ണയം നടത്തിയ എക്സാമിനറും തമ്മിലുള്ള ബന്ധം രഹസ്യ സ്വഭാവത്തിലുള്ളതാണെന്നും അതിനാൽ വിവരാവകാശനിയമത്തിലെ 8(1) (ഇ) വകുപ്പനുസരിച്ച് രഹസ്യമായി സംരക്ഷിക്കപ്പെടേണ്ടതാണെന്നും കമ്മീഷൻ പറയുന്നു. കമ്മീഷന്റെ ഈ വാദങ്ങൾക്ക് എന്തെങ്കിലും അടിസ്ഥാനമുണ്ടോ എന്നത് സംശയാസ്പദമാണ്. വ്യക്തിപരമായ വിവരങ്ങൾ വെളിപ്പെടുത്തരുതെന്ന് വിവരാവകാശനിയമത്തിൽ വ്യവസ്ഥയുണ്ടെന്നത് ശരിയാണ്. പക്ഷെ ഇവിടെ മറ്റാരുടെയെങ്കിലും വ്യക്തിപരമായ വിവരമല്ല ആവശ്യപ്പെടുന്നത്. അപേക്ഷക ഇവിടെ സ്വന്തം വിവരമാണ് ആവശ്യപ്പെടുന്നത്. തന്നെ സംബന്ധിക്കുന്ന വിവരം ഒരാൾ ആവശ്യപ്പെട്ടാൽ, അതിൽ പൊതു താൽപര്യമൊന്നുമില്ലെന്നുപറഞ്ഞ് വിവരങ്ങൾ നിഷേധിക്കാമോ?

രണ്ടാമത് പരീക്ഷ നടത്തുന്ന അധികാരിയും ഉത്തരകടലാസ് നോക്കുന്ന എക്സാമിനറും തമ്മിൽ രഹസ്യബന്ധമുണ്ടെന്നു പറയുന്നത് നിയമദൃഷ്ട്യാ നിലനിൽക്കുന്ന ഒന്നല്ല. ഒരു ജോലി ചെയ്യാൻ നിയമിക്കപ്പെടുന്നവരാണ് എക്സാമിനർമാർ അവർ ഒന്നിച്ചിരുന്നാണ് ജോലി ചെയ്യുന്നത് അവിടെ രഹസ്യമില്ല. നിയമത്തിൽ "ഫിഡൂഷ്യറി" എന്നവാക്കിനർത്ഥം രണ്ടുപേർ തമ്മിലുള്ള പരസ്പര വിശ്വാസത്തിന്റേതായ ബന്ധം എന്നാണ്. ഇത്തരം രഹസ്യ ബന്ധങ്ങൾ അത്യപൂർവ്വമാണ്. ഡോക്ടർമാരും രോഗികളും തമ്മിൽ, വക്കീൽമാരും കക്ഷികളും തമ്മിൽ, ഡയറക്ടർമാരും കമ്പനികളും തമ്മിൽ ട്രസ്റ്റ് ഫണ്ടുകളുടെ മാനേജർമാരും നിക്ഷേപകരും തമ്മിൽ, ഇങ്ങനെ ചിലബന്ധങ്ങൾ മാത്രമേ ഫിഡ്യൂഷ്യറി എന്ന ഗണത്തിൽ പെടുന്നതായുള്ളൂ. ഏല്പിച്ചജോലി നന്നായി ചെയ്യാൻ ബാധ്യതയുണ്ട് എന്നതുകൊണ്ടുമാത്രം ജോലി ഏല്പിച്ചവനും ജോലി ചെയ്തവനും തമ്മിൽ രഹസ്യബന്ധം ഉണ്ടാകുന്നില്ല; നിയമം അതംഗീകരിക്കില്ല.

ചെറുതായൊരു ഗവേഷണം നടത്തിനോക്കിയതിൽ സെൻട്രൽ ഇൻഫർമേഷൻ

കൗൺസിലിന്റെ നിലപാട് അന്താരാഷ്ട്ര രീതികൾക്കെന്നല്ല, ഇന്ത്യയിൽ തന്നെ നടന്നുവരുന്ന നടപടി ക്രമങ്ങൾക്കുപോലും വിരുദ്ധമാണ്. ഇന്ത്യയിലെ പരീക്ഷാസമ്പ്രദായം സുതാര്യമല്ലെന്ന് ആക്ഷേപമുയർന്നുതുടങ്ങിയിട്ട് കാലമേറെയായി. ഉത്തരകടലാസുകളുടെ മൂല്യനിർണ്ണയം നടത്തുന്നതിലും ഗ്രേഡ് നിശ്ചയിക്കുന്നതിലും അപാകതയുള്ളതായി നിരന്തരം പരാതി ഉയർന്നിരുന്നു. ഈ ആക്ഷേപം തീർക്കാനായി കേരളം, കർണ്ണാടകം ഗോവ ആന്ധ്ര എന്നി സംസ്ഥാനങ്ങളിൽ വിദ്യാർത്ഥികൾക്ക് മൂല്യനിർണ്ണയം നടത്തിയ ഉത്തര കടലാസ് പരിശോധിക്കാൻ സൗകര്യം നൽകുന്നുണ്ട്. പരീക്ഷാസംവിധാനം സുതാര്യമാക്കാനും മൂല്യനിർണ്ണയം മെച്ചപ്പെടുത്താനും ഇത് സഹായിച്ചിട്ടുമുണ്ട്.

അയർലാൻഡിൽ സെക്കന്ററി സ്കൂൾ വിദ്യാർത്ഥികൾക്ക് മൂല്യനിർണ്ണയം നടത്തികഴിഞ്ഞ ഉത്തരക്കടലാസ് പരിശോധിക്കാൻ സൗകര്യമേർപ്പെടുത്തിയിട്ട് കാലമേറയായി. പിന്നീട് ഐറിഷ് വിവരാവകാശ നിയമപ്രകാരം ഇത് സർവ്വകലാശാലാ പരീക്ഷകൾക്കും ബാധകമാക്കി.

ഇങ്ങനെയെല്ലാമുള്ള സാഹചര്യത്തിൽവന്ന സെൻട്രൽ ഇൻഫർമേഷൻ കമ്മീഷന്റെ തീരുമാനം ചീത്ത ഒരു കീഴ്വഴക്കം സൃഷ്ടിക്കലാകും. വിവരാവകാശനിയമത്തിൽ ഗവർമ്മേണ്ട് വെള്ളം കൂട്ടാൻപോകുന്നു എന്ന വാർത്തകൾക്കിടയിലാണ് കമ്മീഷന്റെ ഈ തീരുമാനമുണ്ടായിരിക്കുന്നത്. യൂണിയൻ പബ്ലിക് സർവ്വീസ് കമ്മീഷൻ, സെൻട്രൽ ബോർഡ് ഓഫ് സെക്കന്ററി എഡ്യൂക്കേഷൻ തുടങ്ങിയ സംഘടനകൾ നടത്തുന്ന പരീക്ഷകളെ വിവരാവകാശനിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കാൻ ഗവർമ്മേണ്ട് ആലോചിക്കുന്നതായി റിപ്പോർട്ടുണ്ട്. വിവരാവകാശനിയമത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിനു പകരം നിയമത്തിന്റെലക്ഷ്യത്തെ തന്നെ പരാജയപ്പെടുത്തലാകും അത്. രഹസ്യമല്ല, പരസ്യമാണ് ഭരണത്തിലെ സർവ്വപ്രധാനമായ തത്വം. അതിനെ എന്തുവിലകൊടുത്തും സംരക്ഷിക്കാനും വളർത്താനുമാണ് ഗവർമ്മേണ്ട് ശ്രമിക്കേണ്ടത്. ❑

## *ഭൂദാനം: മന്ത്രിസഭയുടെ ......*

മുറിച്ചുനൽകുമോ? അതോ പിളർന്നുപോയ പാർട്ടിക്ക് വേറെ ഭൂമി നൽകുമോ?

(5) എം. പി. മാരുടെ എണ്ണത്തിന്നും ഭൂമിയുടെ വലുപ്പത്തിന്നും തമ്മിൽ എന്താണ് ബന്ധം. എം. പി. മാരെ പിടിച്ചിടാനുള്ള ചാക്കാണോ പാർട്ടി ഓഫീസ്? എം.പി. മാർക്കെല്ലാം സർക്കാർവക താമസസൗകര്യം വേറെയുണ്ടല്ലോ?

(6) ഒരു കാലത്ത് പ്രതാപശാലികളായിരുന്ന പല പാർട്ടികളും പിന്നീട് കുറ്റിയറ്റുപോയിട്ടുണ്ട്. ജനതാ പാർട്ടി, ലോക്ദളം, സോഷ്യലിസ്റ്റു പാർട്ടി, സ്വതന്ത്രാ പാർട്ടി തുടങ്ങിയവ ഉദാഹരണം. ഇവക്കനുവദിച്ച ഭൂമിയും ഇവർ നിർമ്മിച്ച ഓഫീസ് കെട്ടിടങ്ങളും സർക്കാർ ഏറ്റെടുക്കുമോ?

എലക്ഷൻ കമ്മീഷൻ അംഗീകരിച്ച രാഷ്ട്രീയ കക്ഷികൾക്ക് ഓഫീസ് സൗകര്യമുണ്ടാക്കുന്നതിന്ന് ഇരുപത്തഞ്ചോ അമ്പതോ സെന്റ് ഭൂമി, വിവേചനം കൂടാതെ നൽകുന്നത് മനസ്സിലാക്കാം. എം. പി. മാരുടെ എണ്ണം കൂടുകയോ കുറയുകയോ ചെയ്യുന്നതനുസരിച്ച് ആരും ഓഫീസിന്റെ വലുപ്പം കൂട്ടുകയോ കുറക്കുകയോ ചെയ്യാറില്ല. ഗവർമ്മേണ്ട് നൽകുന്ന ഭൂമി അപര്യാപ്തമാണെന്ന് ഏതെങ്കിലും കക്ഷിക്ക് തോന്നുന്നുണ്ടെങ്കിൽ, അവർക്ക് കുറേ ഭൂമി വാങ്ങാവുന്നതേയുള്ളൂ.

ഏതായാലും എം.പി. മാരുടെ എണ്ണം നോക്കിയുള്ള ഈ ഭൂദാനം അശാസ്ത്രീയമാണ്; അനുചിതമാണ്; പ്രതിഷേധാർഹമാണ്.

❑

# വിവരാവകാശനിയമം കേരളത്തിൽ സുഗമം

**വി**വരാവകാശനിയമത്തിന്റെ നടത്തിപ്പിൽ കേരളത്തിൽ പ്രശ്നമൊന്നുമില്ലെന്ന് മുഖ്യ ഇൻഫർമേഷൻ കമ്മീഷണറായ പി. മോഹൻദാസ് പറയുന്നു. ജനങ്ങൾ ആവശ്യപ്പെടുന്ന വിവരങ്ങൾ നൽകുന്നതിൽ ഉദ്യോഗസ്ഥൻമാരുടെ ഭാഗത്തുനിന്ന് എതിർപ്പൊന്നുമില്ല.

അറിയേണ്ട വിവരങ്ങൾക്കായി നിശ്ചിത ഫോറത്തിൽ അപേക്ഷിക്കുന്നില്ലെന്നതും, നിയമമനുസരിച്ച് 30 ദിവസത്തിന്നകം വിവരം നൽകുന്നില്ലെന്നതും മാത്രമാണ് കാര്യമായ തലവേദന.

കമ്മീഷന് 1800 പരാതികൾ കിട്ടിയതിൽ 148 എണ്ണം മാത്രമേ നിയമാനുസൃതം നിശ്ചിതഫോറത്തിൽ സമർപ്പിച്ചിട്ടുള്ളൂ. ഇതിൽ 69 കേസും തീർത്തിട്ടുണ്ട്. ആവശ്യപ്പെടുന്ന വിവരം 30 ദിവസത്തിന്നകം നൽകണമെന്ന വ്യവസ്ഥ അപൂർവ്വമായേ പാലിക്കപ്പെടുന്നുള്ളൂവെന്ന് മോഹൻദാസ് പറഞ്ഞു. കൃത്യസമയത്തിന്നകം വിവരം നൽകാത്തതിന്ന് ഇതുവരെ ഒരു ഉദ്യോഗസ്ഥനേയും ശിക്ഷിച്ചിട്ടില്ല. എന്നാൽ ഈ വീഴ്ച ഗവർമ്മേണ്ടിന്റെ ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്.

ജനങ്ങളുടെ അപേക്ഷകൾ കൈകാര്യം ചെയ്യുന്നകാര്യത്തിൽ ഉദ്യോഗസ്ഥന്മാർക്ക് അടിയന്തരമായി പരിശീലനം നൽകേണ്ടതുണ്ടെന്ന് മോഹൻദാസ് പറയുന്നു. വിവരാവകാശനിയമത്തിന്റെ പശ്ചാത്തലത്തിൽ ഔദ്യോഗിക രഹസ്യനിയമം പോലെയുള്ള പല നിയമങ്ങളിലും മാറ്റംവേണ്ടിവരും. മന്ത്രിമാരുടെ സത്യപ്രതിജ്ഞ വിവരാവകാശനിയമത്തിന്നു വിരുദ്ധമാണെന്ന് മോഹൻദാസ് ചൂണ്ടിക്കാട്ടുന്നു.

***രാജൻ കേസ്:***

അടിയന്തരാവസ്ഥക്കാലത്ത് വധിക്കപ്പെട്ട റീജനൽ എഞ്ചി. കോളേജ് വിദ്യാർത്ഥിയായ രാജന്റെ പ്രശ്നം സംബന്ധിച്ച പോലീസ് രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് 'മനോരമ' വിവരാവകാശനിയമപ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. കുറെ വൈകിയാണെങ്കിലും ജൂൺ 27 ന് ആഭ്യന്തരവകുപ്പ് അഡീഷനൽ സെക്രട്ടറി നൽകിയ മറുപടിയിൽ ആവക രേഖകളൊന്നും കാണാനില്ലെന്ന് അറിയിച്ചിട്ടുണ്ട്. ❑

---

***അഴിമതിനിയമത്തിലെ......***

DUTT മാനേജിങ്ങ് ഡയറക്ടർ സി.സോമശേഖർ എന്നിവർക്കെതിരായ കേസുകളും ഇതിൽപെടും. ഇതിന്നുപുറമെ 51 കേസുകൾ ഗവർമ്മേണ്ടിന്റെ അനുമതി കിട്ടാതെ കെട്ടികിടപ്പുണ്ട്.

മേയ് മാസത്തിൽ അഞ്ച് പോലീസ് ഉദ്യോഗസ്ഥൻമാരെ ലോകായുക്ത പിടികൂടിയിരുന്നു. വരുമാനത്തിൽ കുറഞ്ഞ 60 കോടി രൂപയുടെ സ്വത്ത് ഇവർക്കുണ്ടെന്ന് ലോകായുക്ത പറയുന്നു. ഒരു ഡപ്യൂട്ടി പോലീസ് സൂപ്രണ്ടും നാലു പോലീസ് ഇൻസ്പെക്ടർമാരുമാണ് ലോകായുക്തയുടെ പിടിയിൽ പെട്ടിരിക്കുന്നത്. ❑

# ഇത് ജനാധിപത്യമല്ല, ധനാധിപത്യം: അരുന്ധതി


അരുന്ധതി റോയ്

ഇന്ത്യയിലെ ജനാധിപത്യം പണക്കാർക്കും അഭിജാത വർഗ്ഗത്തിന്നും മാത്രമുള്ളതാണ് - പ്രസിദ്ധ പരിസ്ഥിതി പ്രവർത്തകയും ഗ്രന്ഥകർത്രിയുമായ അരുന്ധതി റോയ് പ്രസ്താവിച്ചു. രാജ്യത്തിലെ ബഹുജന പ്രസ്ഥാനങ്ങൾക്ക് ചെവികൊടുക്കാത്ത ഒരു ഗവർമേണ്ടാണിവിടെയുള്ളതെന്ന് അവർ പറഞ്ഞു.

സി.പി.ഐ.(എം.എൽ) ജനറൽ സെക്രട്ടറി ദീപാങ്കർ ഭട്ടാചാര്യക്കെതിരെ ഝാർഖണ്ഡ് ഗവർമേണ്ട് ക്രിമിനൽ കേസെടുത്തതിൽ പ്രതിഷേധിക്കാൻ ചേർന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ.

മൂന്നാം ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യമാണ് ഇന്ത്യയെന്നൊരു മിഥ്യാധാരണ യൂറോപ്പിലും അമേരിക്കയിലും പരക്കെയുണ്ടെന്നും അതൊരു തെറ്റുധാരണ മാത്രമാണെന്നും അവർ പറഞ്ഞു.

# ഇതാണ് ധനാധിപത്യം

വ്യവസായ പ്രമുഖനായ രാഹുൽ ബജാജ് മഹാരാഷ്ട്രത്തിൻനിന്ന് രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. തനി സ്വതന്ത്രനായി മത്സരിച്ച ബജാജിനെ ഭരണമുന്നണിയിലെ കോൺഗ്രസ് എതിർത്തപ്പോൾ പവ്വാറിന്റെ എൻ.സി.പി. പിന്താങ്ങി. അതുമല്ല, പ്രതിപക്ഷ കക്ഷികളായ ശിവസേനയും ബി.ജെ.പി.യും പിന്താങ്ങി. അങ്ങനെ കോൺഗ്രസ് സ്ഥാനാർത്ഥിയെ വ്യവസായ പ്രമുഖൻ 90ന്നെതിരെ 195 വോട്ടോടെ തോൽപിച്ചു.

ഇതേ അവസരത്തിൽ യു.പി.യിൽനിന്ന് സമാജ് വാദി പാർട്ടിയുടെ സ്ഥാനാർത്ഥിയായി ജയ ബച്ചനും രാജ്യസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. സോഷ്യലിസ്റ്റ് നേതാവായിരുന്ന ഡോ. ലോഹിയയുടെ അനുയായികളാണെന്നവകാശപ്പെടുന്ന സമാജ് വാദി പാർട്ടിയുടെ സ്ഥാനാർത്ഥിയായി മത്സരിച്ച ജയാ ബച്ചൻ തന്റെ നോമിനേഷൻ പത്രികയോടൊപ്പം സമർപ്പിച്ച ഡിക്ലറേഷനിൽ തനിക്കു 225 കോടി രൂപയുടെ സ്വത്തുണ്ടെന്നു പറയുന്നു. ലോഹിയ ക്ഷമിച്ചാലും!

❑

# സമ്പന്നരുടെ മാധ്യമങ്ങൾ തരുന്നതാണ് വാർത്ത

**- അരവിന്ദ് ശിവരാമകൃഷ്ണൻ -**

സർക്കാരേതര സംഘടനകളുടെ പ്രവർത്തനങ്ങൾ മൂലം അന്താരാഷ്ട്ര വ്യാപാര ബന്ധങ്ങൾ, പരിസ്ഥിതി നശീകരണം തുടങ്ങിയവയെ ലോകം ഗൗരവപൂർവ്വം കാണാൻ തുടങ്ങിയിരിക്കുന്നതായി ഒരു മുതിർന്ന ഐക്യരാഷ്ട്ര ഉദ്യോഗസ്ഥൻ ഒരിക്കൽ പറയുകയുണ്ടായി. ഇത്തരം കാര്യങ്ങളിൽ ബഹുരാഷ്ട്രകമ്പനികൾക്കുള്ള ഉത്തരവാദിത്വത്തെപ്പറ്റി ജനങ്ങൾ ചോദ്യം ചെയ്ത്വരുന്നതിൽ ചില വലിയ ബഹുരാഷ്ട്ര കമ്പനികൾ അസ്വസ്ഥതയും പ്രകടിപ്പിച്ചു. വെറും സാധാരണക്കാർ തങ്ങളെ ചോദ്യം ചെയ്യുന്നുവെന്നതുമാത്രമല്ല കമ്പനികളെ ചൊടിപ്പിച്ചത്. ഇത്തരത്തിലുള്ളചോദ്യം ചെയ്യലിന്റെ വിവരങ്ങൾ തങ്ങളുടെ പത്രത്തിൽതന്നെ പ്രസിദ്ധീകരിക്കുന്നുവെന്നതും അവരെ അസ്വസ്ഥമാക്കികൊണ്ടിരുന്നു.

മാധ്യമങ്ങളെങ്ങനെ മുതലാളിമാരുടെ ദാസൻമാരാക്കപ്പെട്ടുവെന്ന് വിശകലനം ചെയ്യുന്ന GUARDIANS OF POWER: THE MYTH OF THE LIBERAL MEDIA എന്ന ഒരു കൃതി മീഡിയ ലൻസിന്റെ പത്രാധിപരായ ക്രോംവെല്ലും എഡ്വേർഡും ഈയിടെ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ മാധ്യമലോകത്തിൽ സംഭവിച്ച പരിവർത്തനങ്ങൾവിവരിക്കുന്നു.

പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിലും പത്രപ്രസിദ്ധീകരണ രംഗത്തുണ്ടായ വ്യവസായവൽക്കരണത്തിൽ നിന്നാണതിന്റെ തുടക്കം. പത്രപ്രസിദ്ധീകരണത്തിന്റെ ചെലവ് ഭീമമായി തീർന്നു. സാധാരണക്കാർ പ്രസിദ്ധീകരിച്ചിരുന്ന ആയിരക്കണക്കിന്നു പത്രങ്ങൾ തൽഫലമായി അപ്രത്യക്ഷമായി. പകരം വലിയ കോർപ്പറേഷനുകളുടെ പത്രങ്ങൾ വന്നു; ഈ കോർപ്പറേഷനുകളെ അവയേക്കാൾ വലിയ കോർപ്പറേഷനുകൾ വിഴുങ്ങി. മുർഡോക്കിന്റെ പത്രസാമ്രാജ്യം പ്രസിദ്ധമാണ്. എന്നാൽ CBC വെസ്റ്റിങ് ഹൗസിന്റെ ഒരു ഭാഗമാണെന്നോ NBC ജനറൽ എലക്ട്രിക്കിന്റെ ഉടമസ്ഥതയിലുള്ളതാണെന്നോ അധികം പേർക്ക് അറിവുണ്ടാകാനിടയില്ല. വെസ്റ്റിങ് ഹൗസും ജനറൽ എലക്ട്രിക്കുമാകട്ടെ ആയുധ നിർമ്മാണത്തിലും അണുവൈദ്യുതി രംഗത്തും ആമഗ്നമായ രണ്ടു കമ്പനികളുമാണ്.

പ്രൊഫഷണൽ ജേർണലിസമെന്ന ഏർപ്പാട് ജനിച്ചത് പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിലുമാണ്. എന്നാൽ ഇവർ മാധ്യമ ഉടമകളായ കമ്പനികൾക്കും ഉപഭോക്താക്കൾക്കുമിടയിലെ ഒരു മറ മാത്രമായിരുന്നു. ഈ പ്രൊഫഷനലുകളുടെ പണിയാകട്ടെ, അധികാരശക്തിയുള്ളവരും അതി സമ്പന്നരും പറയുന്നതെല്ലാം റിപ്പോർട്ടുചെയ്യലുമായിരുന്നു. രണ്ടാമത് യുദ്ധം, അഴിമതി, അത്യാഹിതങ്ങൾ എന്നിവ റിപ്പോർട്ടുചെയ്യുന്നതിൽ പണി ഒതുക്കാൻ ജർണലിസ്റ്റുകൾ നിർബന്ധിതരായി.

മൂന്നാമത് കമ്പനികളുടെ പരസ്യം മാധ്യമങ്ങളുടെ നിലനിൽപിന്ന് അത്യാവശ്യമായിരുന്നു. അതിനാൽ പല വിഷയങ്ങളും റിപ്പോർചെയ്യാതിരിക്കേണ്ടി വന്നു. ഇതിൽ ജർണലിസ്റ്റുകളുടെ ഗൂഢാലോചനയൊന്നുമില്ല. എന്നാൽ അധികാര സ്ഥാനങ്ങളിലിരിക്കുന്നവരും സമ്പന്നരും പറയുന്നതെന്താണോ

അതാണ് ലോകമെന്ന ഒരു ധാരണ ജർണലിസ്റ്റുകൾക്കിടയിൽ വ്യാപകമായുണ്ട്.

അധികാരശക്തിക്ക് പത്രക്കാർ വഴങ്ങികൊടുക്കുന്നതിന്റെ ഒട്ടേറെ ഉദാഹരണങ്ങൾ ഈ കൃതിയിലുണ്ട്. ഒന്നാമത്തെ ഉദാഹരണം പത്രങ്ങൾ റിപ്പോർട്ടുചെയ്യാതിരുന്ന ഇറാഖിലെ കൂട്ടക്കൊല തന്നെ. ഇറാഖി സംഹാരായുധ പരിശോധനക്കായി ഐക്യരാഷ്ട്രസമിതി നിയോഗിച്ച സ്കോട്ട് റിട്ടറും ഹാൻസ് ബ്ലിക്സും 1998 ആയപ്പോഴേക്കും ഇറാഖ് നിരായുധീകരിക്കപ്പെട്ടുകഴിഞ്ഞതായി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ മാധ്യമങ്ങൾ ഇത് പാടെ അവഗണിക്കുകയാണ് ചെയ്തത്.

ഇറാഖിലെ ഐക്യരാഷ്ട്ര ആയുധപരിശോധകരെ തൽസ്ഥാനത്തുനിന്ന് നീക്കം ചെയ്തത് ബ്രിട്ടന്റേയും അമേരിക്കയുടേയും കല്പനപ്രകാരമാണെന്ന് 1998 ൽ റിപ്പോർട്ട് ചെയ്ത അതേ പത്രലേഖകർ തന്നെ, ഇറാഖാണ് അവരെ പുറത്താക്കിയതെന്ന് 2003 ൽ എഴുതി പിടിപ്പിച്ചുവെന്നുപറഞ്ഞാൽ ഒരാൾ വിശ്വസിക്കില്ല. എന്നാൽ അതാണുണ്ടായത്.

ഇറാഖി ജനതയുടെമേൽ മനപൂർവ്വം ആസൂത്രിതമായി അടിച്ചേൽപ്പിച്ച ദീർഘകാലനശീകരണത്തിന്റേനേരെ പത്രക്കാർ കണ്ണടക്കുകയാണുണ്ടായത്. 2003ൽ ഇറാഖിന്റേനേരെ നടന്ന ആക്രമണത്തിൽ ഇറാഖിലെ സാധാരണക്കാകർക്കുണ്ടായ ദുരന്തം തന്മൂലം ലോകം ഇന്നും മനസ്സിലാക്കിയിട്ടില്ല. ഇറാഖിൽ അന്നു ഒരു ലക്ഷത്തോളം പേർ കൊല്ലപ്പെട്ടുവെന്ന് ലോകപ്രസിദ്ധ ബ്രിട്ടീഷ് മെഡിക്കൽ 'ജേർണലായ ലാൻ സെറ്റ്' സമ്പൂർണ്ണ പഠനത്തിന്നുശേഷം റിപ്പോർട്ടുചെയ്തപ്പോൾ, അതൊന്നും ശരിയല്ലെന്നാണ് ബ്രിട്ടീഷ്–അമേരിക്കൻ ഗവർമ്മേണ്ടുകൾ പറഞ്ഞത്; ബ്രിട്ടീഷ് അമേരിക്കൻ പ്രസ്താവനകളെല്ലാം നമ്മുടെ പത്രങ്ങൾ തികഞ്ഞ അനുസരണയോടെ റിപ്പോർട്ട് ചെയ്യുകയുണ്ടായി; എന്നാൽ ഒരു പത്രവും സത്യസ്ഥിതി എന്താണെന്ന് സ്വയം അന്വേഷിക്കാൻ മെനക്കെട്ടതുമില്ല.

ഇറാഖിന്റേനേരെ നടന്ന ആക്രമണത്തിന്നുമമ്പുള്ള പത്തുകൊല്ലക്കാലത്ത് ഇറാഖിന്നെതിരെ ഉപരോധം ഏർപ്പെടുത്തിയിരുന്നു. ഈ ഉപരോധംമൂലം അഞ്ചുലക്ഷം ശിശുക്കളെങ്കിലും മരിച്ചിട്ടുണ്ടെന്ന് ഐക്യരാഷ്ട്ര അസിസ്റ്റന്റ് സെക്രട്ടറി ജനറൽ ഹാൻസ് വോൻ സ്പോനെക് വെളിപ്പെടുത്തുകയുണ്ടായി. ഐക്യരാഷ്ട്ര സഭയുടെ മറ്റൊരു അസിസ്റ്റന്റ് സെക്രട്ടറി ജനറലായ ഡെന്നിസ് ഹല്ലിഡെ ഇതിനെ കൂട്ടകൊല എന്നാണ് വിശഷിപ്പിച്ചത്. നമ്മുടെ പത്രങ്ങൾ ഇതിനെയെല്ലാം അവഗണിച്ചുകളഞ്ഞു.

ഇറാഖിൽ അമേരിക്ക നടത്തിയ ലഘു അണ്വായുധപ്രയോഗത്തിന്റെകാര്യം ലോകത്തിൽ അധികമാരും മനസ്സിലാക്കിയിട്ടുപോലുമില്ല. ഈ അണ്വായുധത്തിന്ന് 'ശുഷ്ക യുറേനിയം' എന്നാണ് പറയുക. ഇറാഖിന്റെ കവചിതവാഹനങ്ങൾ നശിപ്പിക്കാനായി അമേരിക്ക ശുഷ്ക യുറേനിയം നിറച്ച ഷെല്ലുകളാണ് ഉപയോഗിച്ചത്. ഇറാഖിൽ പലേടത്തുമായി 350 ടൺ ശുഷ്ക യുറേനിയം പ്രയോഗിച്ചിട്ടുണ്ട് – അതായത് ഒരു മിനി അണ്വായുധാക്രമണം.

ഇത്തരം കാര്യങ്ങളിൽ നിശ്ശബ്ദത പാലിച്ച പത്രക്കാർ യഥാർത്ഥത്തിൽ അധികാരകേന്ദ്രങ്ങളുമായി ഗൂഢാലോചന നടത്തുകയാണ് ചെയ്തതെന്ന് ഗ്രന്ഥകാരൻ പറയുന്നു. മൂന്നാം ലോകരാജ്യങ്ങളിലെ തവിട്ടുനിറക്കാരായ പട്ടിണിപാവങ്ങളുടെ യാതനകൾ മുതലാളിമാരുടെ പത്രങ്ങളിലെ ജർണലിസ്റ്റുകൾക്ക് ഒരു പ്രശ്നമേയല്ലെന്ന് അവർ അഫ്ഘാനിസ്ഥാനിലെ സംഭവങ്ങൾ ചൂണ്ടികാണിച്ചുകൊണ്ടു പറയുന്നു.

അഫ്ഘാൻ യുദ്ധകാലത്ത് മാസത്തിൽ 3000 പേർവീതം കൊല്ലപ്പെട്ടുകൊണ്ടിരുന്നു. സ്വതവേ ദരിദ്രരായ ജനങ്ങളെ ഈ ആക്രമണം പട്ടിണിമരണത്തിലേക്ക് എത്തിച്ചതിൽ ഒരു പത്രക്കാരനും വേവലാതി

➷ പേജ് 24

# കേരളത്തിനുണ്ടായ രണ്ടു തീരാനഷ്ടങ്ങൾ



പവനൻ

**അ**ന്ധവിശ്വാസങ്ങളുടേയും അനാചാരങ്ങളുടേയും വേലിയേറ്റത്തിന്നിടയിൽ കേരളത്തിനേറ്റ രണ്ടു കനത്ത പ്രഹരങ്ങളാണ് പവനന്റേയും ഇടമറുകിന്റേയും മരണം. പവനൻ ജൂൺ 22നും ജോസഫ് ഇടമറുക് ജൂൺ 29നും നിര്യാതനായി. എൺപതു വയസ്സായിരുന്ന പവനൻ കുറച്ചുകാലമായി ഓർമ്മയില്ലായ്മ എന്ന രോഗത്തിന്നടിപ്പെട്ട് കഴിയുകയായിരുന്നു. 72 കാരനായ ഇടമറുക് മരണംവരേയും കർമ്മനിരതനായിരുന്നു. ഉറക്കത്തിലായിരുന്നു അദ്ദേഹത്തിന്റെ അന്ത്യം.

കേരളത്തിലെ യുക്തിവാദ പ്രസ്ഥാനത്തിന്റെ കരുത്തന്മാരായ രണ്ടു വക്താക്കളായിരുന്ന ഇവരിൽ പവനൻ തൃശ്ശൂർ കേന്ദ്രീകരിച്ചും ഇടമറുക് ദെൽഹി ആസ്ഥാനമാക്കിയുമാണ് പ്രവർത്തിച്ചുവന്നിരുന്നത്. പവനന്റെ കർമ്മരംഗം കൂടുതൽ പ്രക്ഷോഭണാത്മകമായിരുന്നു.

ഒരു ബഹുമുഖ വ്യക്തിത്വത്തിന്നുടമയായിരുന്നു പവനൻ. അന്ധവിശ്വാസങ്ങൾക്കും അനീതികൾക്കുമെതിരായ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശ്രദ്ധിക്കപ്പെട്ടുവെന്നേയുള്ളൂ. “യുക്തിരേഖ” എന്ന മാസികയിലൂടെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ബൗദ്ധികമായ തലത്തിൽ നിരന്തരം പോരാടിപ്പോന്ന പവനൻ, അതേ വീറോടും വാശിയോടുംകൂടി തെരുവിലിറങ്ങി പോരാടാനും വ്യഗ്രത കാണിച്ചിരുന്നുവെന്നതാണ് അദ്ദേഹത്തിന്റെ ഒരു പ്രത്യേകത. യുക്തിവാദമെന്നത് അദ്ദേഹത്തിന്നൊരു ഒറ്റപ്പെട്ട കർമ്മമണ്ഡലമായിരുന്നില്ല. എല്ലാതരം അനീതികൾക്കെതിരായും ഒരേ വാശിയോടെ അദ്ദേഹം പോരാടാറുണ്ടായിരുന്നു.



ഇടമറുക്

ഇടമറുക് തന്റെ ആദ്യകാല പ്രവർത്തനങ്ങൾക്കുശേഷം 1977ൽ ദൽഹിയിലേക്ക് പ്രവർത്തനമണ്ഡലം മാറ്റി. ബൗദ്ധികതലത്തിലായിരുന്നു അദ്ദേഹത്തിന്റെ പ്രവർത്തനത്തിലധികവും. യുക്തിവാദസംബന്ധമായി 168 പുസ്തകങ്ങൾ അദ്ദേഹം ഇംഗ്ലീഷിലും മലയാളത്തിലുമായി രചിച്ചിട്ടുണ്ട്. ശാസ്ത്രീയ ചിന്താഗതി വളർത്തുന്ന ഉൾക്കനമേറിയ കൃതികൾ നിസ്സാരവിലക്ക് ജനങ്ങളുടെ കൈകളിലെത്തിക്കുന്നതിന്നായി ഇടമറുക് ദൽഹിയിൽ സ്ഥാപിച്ച ഇന്ത്യൻ എത്തിയസ്റ്റ് പബ്ലിഷേഴ്സ് യുക്തിവാദപ്രസ്ഥാനത്തിന്ന് കനപ്പെട്ടൊരു മുതൽക്കൂട്ടാണ്. ❑

## പ്രതികരണം

സാമൂഹ്യനീതി-നീതിന്യായരംഗങ്ങളിൽ നിയമസംസ്കാരകേന്ദ്രം നടത്തുന്ന പ്രവർത്തനങ്ങളെ ആദരവോടെ നോക്കികാണുന്നവനാണു ഞാൻ. നിയമസംസ്കാരകേന്ദ്രമോ അതുപോലെ പ്രവർത്തിക്കുന്ന സംഘടനകളോ ഭാരതത്തിലെ എല്ലാ ഗ്രാമങ്ങളിലും വന്നാൽ അവ വിപ്ലവകരവും ഭാവാത്മകവുമായ മാറ്റങ്ങൾ നീതിനിർവ്വഹണരംഗത്ത് വരുത്തുമെന്നു ഞാൻ കരുതുന്നു.

എന്നാൽ 'ജനനീതി' എന്ന പ്രസിദ്ധീകരണം ഉള്ളടക്കം കൊണ്ട് ഗംഭീരമാകാറുണ്ടെങ്കിലും, വികലവും സങ്കുചിതവും പക്ഷപാതപരവുമായ ശൈലി പിന്തുടർന്നുവരുന്നു എന്നു കൂടുതൽ കൂടുതൽ ബോധ്യം വരുന്നതുകൊണ്ടാണ് ഈ കത്തെഴുതാൻ മുതിരുന്നത്.

വിമർശനാത്മകമായി ജനനീതി വസ്തുതകളെ വിലയിരുത്തുമ്പോഴും പലപ്പോഴും ഇടതുപക്ഷ ബുദ്ധിജീവികളുടെ മുഖമുദ്രയായ 'ഹിന്ദുവിരുദ്ധ' കണ്ണട ജനനീതിയുടെ ലേഖകർ ഉപയോഗിക്കുന്നു. പഴയ ലക്കങ്ങളിലേക്കുകടക്കുവാൻ ഞാൻ മുതിരുന്നില്ല. ജൂലൈ 2006 ലക്കം 111 ലെ അവസാനപുറംലേഖനം ശ്രദ്ധിക്കുക. 'ദൽഹിയിലെ മാധ്യമലോകത്തുവാഴുന്നത് സവർണ്ണർ' എന്ന വാർത്ത ഇംഗ്ലീഷ് ഭാഷയിൽ ലഭിച്ച ഒരു സർവ്വേ റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയാണെന്നു വ്യക്തം. അതിന്റെ വാർത്താരൂപം ഹിന്ദു സമുദായങ്ങളെ സവർണ്ണ അവർണ്ണ, പട്ടികജാതികളായി തിരിച്ച്- പോരാ, അതിലും തൃപ്തിപ്പെടാതെ മേൽജാതിക്കാരെ ദ്വിജൻമാരും അല്ലാത്തവരുമായി തിരിച്ച്- സമൂഹത്തിൽ സ്പർദ്ധ വർദ്ധിപ്പിക്കുവാൻ ഉതകുന്നതാണ്. ഒരു കമ്യൂണിസ്റ്റ് മാദ്ധ്യമത്തിലാണ് ഈ വാർത്തവന്നതെങ്കിൽ അൽഭുതമില്ല. സ്പർദ്ധ വർദ്ധിക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും പ്രത്യയശാസ്ത്രപരമായ ന്യായീകരണങ്ങൾ അവർക്കുണ്ടാകാം. വാർത്തവായിച്ചാൽ ഹിന്ദു സമുദായത്തിലെ സവർണ്ണർ, അവർണ്ണർക്കു ന്യായമായും അവകാശപ്പെട്ട സ്വകാര്യമാധ്യമരംഗത്തെ ഉന്നതപദവികൾ, അന്യായമായി കൈക്കലാക്കി 'വാഴുന്നു' എന്നു തോന്നിപ്പോകും. വാർത്ത ഹിന്ദു സമുദായത്തിലെ സ്ത്രീകളെപ്പോലും മറ്റൊരു സമുദായമായി കാണുന്നു- ഹിന്ദുസമുദായത്തിലെ സ്ത്രീകളെ മാത്രം.

ഭാഗ്യവശാൽ 2.3% ജനസംഖ്യയുള്ള ക്രിസ്ത്യാനികൾക്ക് 4% 'പ്രാതിനിധ്യ'മുണ്ട് എന്നു സർവ്വേ സമ്മതിക്കുന്നു. 2.3% -ത്തിന്നുമേൽ ഉള്ള 1.7% ക്രിസ്ത്യാനികൾ 'കയ്യടക്കി' വച്ചതായി വാർത്തയിൽ കാണുന്നില്ല. ഈ 4%-ത്തിൽ ക്രിസ്ത്യൻ സ്ത്രീകൾക്ക് എത്ര പ്രാതിനിധ്യമുണ്ട് എന്നു പറയുന്നില്ല. 4% ക്രിസ്ത്യാനികളിൽ അവശ ക്രൈസ്തവർക്കും, പരിവർത്തിത ക്രൈസ്തവർക്കും, ദളിത് ക്രൈസ്തവർക്കും, പെന്തക്കോസ്തുകാർക്കും അർഹമായ മാധ്യമപദവികൾ ലഭിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല. മുസ്ലീം ക്രിസ്ത്യൻ സമുദായങ്ങളെ അങ്ങനെ ഖണ്ഡിച്ചുകാണുവാൻ വാർത്താലേഖകന്റെ കണ്ണടക്കു ശീലമുണ്ടാകില്ല. ക്ഷമാപൂർവ്വം ചോദിച്ചോട്ടെ? ജനനീതിയുടെ ഉയർന്ന പത്രാധിപ സമിതിയിൽ എത്ര പിന്നോക്കക്കാരുണ്ട്? അവർക്കഹമായ സ്ഥാനങ്ങൾ താങ്കളുടെ പത്രാധിപസമിതി 'കയ്യടക്കി വാഴുക'യാണോ?

വാർത്തയുടെ ഉള്ളടക്കം തികച്ചും ഗൗരവകരവും നമ്മെയെല്ലാം ആശങ്കപ്പെടുത്തുന്നതുമാണ്. പക്ഷെ വാർത്ത എഴുതിയ ശൈലി ഒട്ടും ശ്ലാഘനീയമല്ല, വാർത്തയുടെ തലകെട്ടടക്കം.

നിയമസംസ്കാരകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളോട് ആദരവുള്ളതുകൊണ്ടുമാത്രം എഴുതുന്ന കത്താണിത്.

അഭിപ്രായങ്ങൾ ഇനിയും അറിയിക്കാം.

**എൻ നഗരേഷ്**
അനുഗ്രഹ കോംപ്ലക്സ്, മാർക്കറ്റ് റോഡ് നോർത്ത് എറണാകുളം-14.

Registered: KL/CR/TCR/347/2006-08
Reg. No.3551/93/L Dis Licensed to post without prepayment: KL/TCR/WPP-06/2006-08

## സമ്പന്നരുടെ മാധ്യമങ്ങൾ........

തോന്നിയില്ല. ഇതേ പത്രക്കാർ 1999 ലെ കൊസോവോ അഭയാർത്ഥി പ്രശ്നം എത്ര വിശദമായി, എത്ര തീവ്രമായാണ് റിപ്പോർട്ട് ചെയ്തിരുന്നത്! പക്ഷേ അന്നു നറ്റോ ഗവർമ്മേണ്ടുകൾക്ക് അതാവശ്യമായിരുന്നു; അവർ നടത്തുന്ന വിമാനാക്രമണങ്ങളെ ന്യായീകരിക്കാൻ പത്രങ്ങൾ ബഹളംകൂട്ടേണ്ടത് അവർക്കൊരാവശ്യമായിരുന്നു.

കഷ്ടമെന്നുപറയട്ടെ, മുതലാളിത്തപത്രങ്ങളും അധികാരി വർഗ്ഗവും തമ്മിലുള്ള കൂട്ടുകെട്ട് ഇവിടം കൊണ്ടും അവസാനിക്കുന്നില്ല. കിഴക്കൻ തിമോറിലെ സ്വാതന്ത്ര്യസമരത്തെ ഇൻഡോനേഷ്യ ക്രൂരമായി അടിച്ചമർത്തികൊണ്ടിരുന്നപ്പോൾ, അങ്ങോട്ട് ഒരു ഐക്യരാഷ്ട്രസേനയെ നിയോഗിക്കാനുള്ള ആസ്ത്രേലിയയുടെ നിർദ്ദേശത്തെ പ്രസിഡണ്ട് ക്ലിന്റൻ തിരസ്കരിക്കുകയാണുണ്ടായത്. പത്രക്കാർ ക്ലിന്റന്റെ നിലപാടിനെ പിന്താങ്ങി. അവരുടെ ദൃഷ്ടിയിൽ കിഴക്കൻതിമോർ ' അങ്ങകലെ' കിടക്കുന്ന കാടൻമാരുടെ നാടാണ്. ബ്രിട്ടീഷ് പ്രധാനമന്ത്രി ടോണി ബ്ലയർക്കും അത് പ്രശ്നമായി തോന്നിയില്ല. 'കൂട്ടകൊല എവിടെയായാലും അതൊരു ആഭ്യന്തരകാര്യമല്ല' എന്ന് മുമ്പൊരിക്കൽ ടോണിബ്ലയർ പറഞ്ഞിട്ടുള്ളകാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപെടുത്താൻ ഒരു പത്രക്കാരനും ഉണ്ടായില്ല.

പരിസ്ഥിതി സംരക്ഷണപ്രസ്ഥാനങ്ങൾക്കെതിരെ പത്രക്കമ്പനികൾ നടത്തുന്ന ഗൂഡാലോചനയെപ്പറ്റിയും ഈ കൃതിയിൽ ഒരധ്യായമുണ്ട്. അതുവായിച്ചാൽ ആരും നടുങ്ങിപ്പോകും. 'മാധ്യമങ്ങളുടെ ആത്യന്തികമായ വഞ്ചന' എന്നാണ് ഗ്രന്ഥകാരൻമാർ ഇതിനെപ്പറ്റി പറയുന്നത്. ഭാഗ്യമെന്നുപറയട്ടെ, മാധ്യമ കമ്പനികൾ ഇപ്പോൾ പ്രതിരോധാവസ്ഥയിലാണ്. കാലാവസ്ഥമാറുന്നതിനെ ഇതുവരെ നിഷേധിച്ചുവന്നിരുന്നവർക്കിപ്പോൾ അനിഷേധമായ തെളിവുകളുടെ മുന്നിൽ പിടിച്ചുനിൽക്കാനാവുന്നില്ല.

ഇതിനെല്ലാംപുറമെ തനി കള്ളത്തരം കാണിക്കുന്ന പത്രക്കാരുമുണ്ട്. ഇറാഖിൽനിന്ന് വാർത്ത നൽകുന്നുവെന്നമട്ടിൽ ടെലിവിഷനിൽ പ്രദർശിപ്പിക്കുന്ന ദൃശ്യങ്ങളിൽ പലതും കൃത്രിമസൃഷ്ടികളാണെന്ന് ബി.ബി.സി.യുടെ ബാഗ്ദാദ് ലേഖകനായ റാഗെ ഒമാർ പറയുന്നു. ദൃശ്യങ്ങൾ ഇറാഖിൽ വച്ച് ഷൂട്ട് ചെയ്തതല്ല; വാർത്തകൾ പാശ്ചാത്യലേഖകർ ശേഖരിച്ചതുമല്ല. ഇറാഖിൽ ഇപ്പോഴും അവശേഷിക്കുന്ന അല്പം പാശ്ചാത്യ റിപ്പോർട്ടർമാർ അമേരിക്കൻ പട്ടാളകോട്ടക്ക് പുറത്തിറങ്ങാറില്ല. ഇറാഖിലെ പ്രാദേശിക ലേഖകൻമാർ ഷൂട്ട് ചെയ്തതാണ് ചിത്രങ്ങൾ; അത് പാശ്ചാത്യരാജ്യങ്ങളിലെത്തിച്ചശേഷം സൗകര്യം പോലെ പാശ്ചാത്തലം നൽകുകയാണ് ചെയ്യുന്നതെന്ന് ഒമാർ പറയുന്നു.

ആത്യന്തികമായി പറഞ്ഞാൽ, ജാഗരൂകരായിരിക്കേണ്ടത് നമ്മളാണ്. സംഭവങ്ങളെ നാം താൽപര്യപൂർവ്വം പിൻതുടർന്നാൽ മാത്രംപോരാ, ആരാണത് റിപ്പോർട്ട് ചെയ്യുന്നതെന്നും എങ്ങനെ ആർക്കുവേണ്ടിയാണത് ചെയ്യുന്നതെന്നും നാം ശ്രദ്ധിക്കണം. ക്രോംവെല്ലും എഡ്വേർഡും ഈ കൃതിയിൽ ചൂണ്ടിക്കാണിക്കുന്ന തരത്തിലുള്ള തിരുമാലിത്തരങ്ങൾ തുടരാൻ നാം മാധ്യമങ്ങളെ അനുവദിച്ചാൽ, അവർ ആ വഴിക്കുതന്നെപോകും; കുഴിയിൽചാടുന്നത് നമ്മളായിരിക്കും.

(ബ്രിട്ടനിലെ ടോണ്ടൻസ് കോളേജിലെ ലെക്ച്ചർ ആണ് ലേഖകൻ) ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

വരിസംഖ്യ – ആയുഷ്കാലം : 1000 ക.